
LIGHTED TO LIGHTEN

# ഹെർമ്മോൻ ദൂതൻ


അടൂർ ഭദ്രാസന ത്രൈമാസിക


2021 ജൂലൈ – സെപ്റ്റംബർ, ലക്കം 21

## ജന്മദിനാശംസകൾ



**റൈറ്റ് റവ. ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ (ആഗസ്റ്റ് 16)**



**റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ (സെപ്റ്റംബർ 8)**

## അനുമോദനങ്ങൾ



**റവ. ബേബി ജോൺ**
(ഭദ്രാസന സെക്രട്ടറി)



**റവ സോജു എം. തോമസ്**
(ബിഷപ്പ് സെക്രട്ടറി)



**ശ്രീ. വർഗീസ് തരകൻ**
(ഭദ്രാസന ട്രസ്റ്റീ)

## ആശംസകൾ



തുവയൂർ സെന്റ് ആൻഡ്രൂസ് മാർത്തോമ്മാ ഇടവകയിൽ പാലവിള പുത്തൻവീടിൽ **ലിബു ജോർജ്ജ് വി.ഐ.ടി വെല്ലൂരിൽ നിന്നും മെഡിക്കൽ ഡിവൈസ് എഞ്ചിനീയറിംഗിൽ Ph.D കരസ്ഥമാക്കി.** ഇപ്പോൾ സ്ട്രൈക്കർ കോർപ്പറേഷനിൽ അസോസിയേറ്റ് മാനേജ രായി പ്രവർത്തിക്കുന്നു. ഭാര്യ: റെനി തോമസ്

### മാർത്തോമാ പ്രീമിയർ ലീഗ് (MPL)

മാർത്തോമ്മായുവജനസഖ്യത്തിന്റെ നേതൃത്വത്തിൽ നടത്തിയ മാർത്തോമ്മാ പ്രീമിയർ ലീഗ് (MPL)- 2021ൽ ബാഡ്മിന്റൺ ഡബിൾസ് അടൂർ ഭദ്രാസനം രണ്ടാം സ്ഥാനം കരസ്ഥമാക്കി

1. **Jithin Varghese Koshy**
   Kunnathoor salem MTC (Kannamcode Centre)
2. **Niju B. Thankachan**
   Choorakode St. Mathews (Kannamcode centre)



# ഉള്ളടക്കം


**02**
ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

**04**
ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പ്

**06**
എഡിറ്റോറിയൽ



**07**
**തീവണ്ടി സ്റ്റേഷൻ**
റവ. പി.എൻ.അലക്സാണ്ടർ



**10**
**ജീവൻ ആദരിക്കപ്പെടുന്ന സ്വാതന്ത്ര്യം**
റവ.തോമസ് കോശി



**13**
**ഒരു അദ്ധ്യാപികയുടെ ഓർമ്മക്കുറിപ്പുകൾ**
മിസിസ്സ് ജോസി സാമുവേൽ



**15**
**സ്ത്രീകളുടെ ദൗത്യം: സംഘർഷങ്ങളും സാധ്യതകളും**
വൽസ സ്കറിയ



**18**
**വാർദ്ധക്യം: ചക്രവാളത്തിലേക്കിറങ്ങുന്ന സുന്ദര സൂര്യമുഖം**
റവ. മാത്യു പി.




**22**
**തറയിൽകടവ് മിഷൻ: ഒരു അവലോകനം**
റവ.സാമുവേൽ വർഗ്ഗീസ്



# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക

2021 ജൂലൈ – സെപ്റ്റംബർ, ലക്കം 21



പ്രസിഡന്റ്
**റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. ബേബി ജോൺ**

ചീഫ് എഡിറ്റർ
**റവ. ജോൺ മാത്യു**

മാനേജർ
**റവ. സോജു എം. തോമസ്**

കമ്മിറ്റി അംഗങ്ങൾ
**റവ. സുബിൻ സാം മാമ്മൻ**
**ശ്രീ. വർഗ്ഗീസ് തരകൻ**
**ശ്രീ. ജോർജ്ജ് ഫിലിപ്പ്**
**ശ്രീ. തോമസ് ജോൺ**
**ശ്രീ. ജെറി റ്റി. യേശുദാസൻ**
**ശ്രീമതി ഗേളി ജോസ്**

കവർ & ലേഔട്ട്
**ക്രയോൺസ് മീഡിയ, തിരുവല്ല**



വിലാസം:
**എഡിറ്റർ, ഹെർമ്മോൻ ദൂതൻ**
ഹെർമ്മോൻ അരമന
അടൂർ - 691 523

**വാർഷിക വരിസംഖ്യ – 50/–**

04734 228240 hermondoothan@gmail.com www.adoordiocese.org

# ഭദ്രാസന
## എപ്പിസ്കോപ്പായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ക്രിസ്തുയേശുവിൽ ഏവർക്കും വന്ദനം.

2020 മാർച്ചിൽ തുടങ്ങിയ കോവിഡ് മഹാമാരി ഇപ്പോഴും അതിന്റെ ഭീകര മുഖം കാട്ടി ലോകജനതയെ മുൾമുനയിൽ നിർത്തിയിരിക്കുന്നു. അനേകർ ഇതിനോടകം കോവിഡ് മൂലം മരണത്തിന് കീഴടങ്ങി. നിരവധിയാളുകൾ രോഗികളായി അതിന്റെ ദുരിതങ്ങൾ അനുഭവിച്ചു. ഇപ്പോഴും പലരും രോഗികളായി കഴിയുന്നു. ദുഃഖത്തിലും വേർപാടിന്റെ വ്യഥയിലും ആയിരിക്കുന്ന ഏവർക്കും ആശ്വാസവും സമാധാനവും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. രാജ്യതാല്പര്യത്തെ മുൻനിർത്തി ലഭ്യമായ വാക്സിൻ ആവോളവും ജനങ്ങൾക്ക് നൽകുന്നതിൽ കാലവിളംബം നേരിട്ടുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇനിയെങ്കിലും ഉത്തരവാദിത്തപ്പെട്ട ഗവൺമെന്റ് അധികാരികൾ എല്ലാ പ്രായത്തിലുമുള്ളവർക്ക് എത്രയും വേഗം വാക്സിൻ നൽകി ജീവൻ രക്ഷിക്കുവാൻ സത്വരം ശ്രദ്ധിക്കുമെന്ന് പ്രത്യാശിക്കാം. കോവിഡ് പ്രോട്ടോകോൾ കൃത്യമായി പാലിക്കുക എന്നത് നമ്മുടെ സാമൂഹിക ഉത്തരവാദിത്തമാണ്. അതിൽ വീഴ്ച്ച വരുത്തുന്നത് അപകടസാധ്യത വർധിപ്പിക്കുന്നു.

കോവിഡ് മുഖാന്തരം ദേവാലയങ്ങൾ ആരാധനക്ക് ഉപയോഗിക്കുവാൻ കഴിയാത്ത വിധത്തിൽ അടഞ്ഞ് കിടക്കുമ്പോഴും ലഭ്യമായ മുഖാന്തിരങ്ങളിലൂടെ ആരാധനാജീവിതം സജീവമായി നിലനിർത്തുവാൻ ഏവരും ശ്രദ്ധിക്കണം. ദേവാലയങ്ങളും പരിസര പ്രദേശങ്ങളും ഭംഗിയായി സൂക്ഷിക്കുവാൻ വികാരിയച്ചന്മാരും ഇടവക ചുമതലക്കാരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഭദ്രാസനമായി കോവിഡ് അതിജീവന പ്രവർത്തനങ്ങൾ വിവിധ പ്രായപരിധിയിലുള്ളവർക്ക് വേണ്ടി ചെയ്തു കൊണ്ടിരിക്കുന്നു. അതിനൊക്കെ നേതൃത്വം നൽകുന്നവരെ പ്രത്യേകം ശ്ലാഘിക്കുന്നു.

നമ്മെ എല്ലാവരേയും ദുഃഖത്തിലാഴ്ത്തി മെയ് മാസം 5-ാം തീയതി വലിയ മെത്രാപ്പോലീത്താ തിരുമേനി നമ്മോട് യാത്രപറഞ്ഞ് നിത്യസ്വസ്ഥതയിൽ പ്രവേശിച്ചിരിക്കുന്നു. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കി അങ്കോലായിൽ ഒരു സുവിശേഷകനായി പ്രേഷിതജീവിതം ആരംഭിച്ച നമ്മുടെ ഏവരുടേയും വാത്സല്യ പിതാവ് പൗരോഹിത്യ പദവിയുടെ അത്യുൽകൃഷ്ട പടവുകൾ താണ്ടി, ഒരു നൂറ്റാണ്ടിലേറെ സജീവമായി സഭക്കും സമൂഹത്തിനും നേതൃത്യം നൽകിയത് അഭിമാനത്തോടെയല്ലാതെ ഓർക്കുവാൻ കഴികയില്ല. മനുഷ്യനെ സ്നേഹിക്കുന്നതിലൂടെയാണ് ദൈവത്തോടുള്ള സ്നേഹം അതിന്റെ പാരമ്യത്തിലെത്തുന്നത് എന്ന് മനസ്സിലാക്കി ഏവരേയും വ്യത്യാസമെന്യേ സ്നേഹിച്ച് തന്നോട് ചേർത്ത് നിർത്തുവാൻ തിരുമേനിക്ക് വശ്യമായ പ്രാവീണ്യമാണ് ദൈവം തമ്പുരാൻ നൽകിയിരുന്നത്. അത്യുഷ്ണമുള്ള സമയങ്ങളിൽ വൃക്ഷത്തണൽ നൽകുന്ന ആശ്വാസം പോലെയാണ് ജീവിത ഭാരങ്ങളേറി തളർന്ന് അവശരായ മനുഷ്യർ വലിയ തിരുമേനിയെ സമീപിക്കുമ്പോൾ അനുഭവിച്ചിരുന്ന ആശ്വാസം. വലിയ തിരുമേനിയുടെ നേതൃത്വത്തെ ഭാരതം അംഗീകരിച്ചതിന്റെ പ്രകടമായ ഭാവമായിരുന്നല്ലോ പത്മഭൂഷൺ എന്ന രാഷ്ട്രത്തിന്റെ പരമോന്നത ബഹുമതി നൽകി

യതിലൂടെ മനസ്സിലാക്കുന്നത്. തിരുമേനി കാലം ചെയ്ത് ആഴ്ചകൾക്കുള്ളിൽ വലിയതിരുമേനിയുടെ ജീവിതവും സന്ദേശവും ഒരു പാഠപുസ്തകം കണക്കെ പഠിക്കേണ്ട താണ് എന്ന തിരിച്ചറിവിലാണ് കേരള ഗവൺമെന്റ് മാർ ക്രിസോസ്റ്റം ചെയർ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ സ്ഥാപിച്ചത്. ഇതിലൂടെയെല്ലാം വലിയ തിരുമേനിയുടെ ജീവിതം മലങ്കര സഭാമക്കൾക്കും ഭാരതത്തിലെ നാനാജാതി മതസ്ഥരായ എല്ലാവർക്കും അഭിമാനമായി തീർന്നു. ആ പുണ്യാത്മാവിന്റെ ജീവിതത്തിനായി ദൈവത്തിന് നന്ദി അർപ്പിച്ച് അടൂർ ഭദ്രാസനത്തിന്റെ മുൻ അധ്യക്ഷൻ കൂടി ആയിരുന്ന നിദാന്ത്യ വന്ദ്യ ദിവ്യ മഹിമ ശ്രീ. പത്മഭൂഷൺ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലിത്താ തിരുമേനിക്ക് കണ്ണീരിൽ കുതിർന്ന സ്നേഹാഞ്ജലി അർപ്പിച്ചു കൊള്ളുന്നു.

2020-2023 കാലയളവിലെ ആദ്യ അസംബ്ലിയോഗം 2021 ഏപ്രിൽ 10-ാം തീയിതി നടത്തുവാൻ കഴിഞ്ഞു. 2019-20 വർഷത്തെ റിപ്പോർട്ട്, വരവ് ചെലവ് കണക്ക് 2020-21 വർഷത്തെ ബഡ്ജറ്റ് തുടങ്ങിയവ അംഗീകരിക്കുന്നതിനും 2020-23 വർഷത്തേക്കുള്ള ഭദ്രാസന ചുമതലക്കാരെയും കൗൺസിൽ അംഗങ്ങളെയും തെരഞ്ഞെടുക്കുന്നതിനും കഴിഞ്ഞു. ഭദ്രാസന സെക്രട്ടറിയായി അനുഗ്രഹകരമായ നേതൃത്വം നൽകി സജീവ സേവനത്തിൽ നിന്നും വിരമിച്ച ദിവ്യശ്രീ. വി. കുഞ്ഞുകോശി കശ്ശീശ്ശായോടുള്ള നന്ദി അറിയിക്കുന്നു. ഒപ്പം ഭദ്രാസന ട്രസ്റ്റിയായും കൗൺസിൽ അംഗങ്ങളായും സേവനം അനുഷ്ഠിച്ചവരോടും നന്ദി രേഖപ്പെടുത്തുന്നു. പുതുതായി ഭദ്രാസന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ദിവ്യശ്രീ ബേബി ജോൺ കശ്ശീശ്ശായ്ക്കും ട്രസ്റ്റിയായി തുടരുന്ന ശ്രീ. വർഗ്ഗീസ് തരകനും പുതിയ കൗൺസിൽ അംഗങ്ങൾക്കും ആശംസകളും പ്രാർത്ഥനകളും നേരുന്നു. കോവിഡിന്റെ പ്രതികൂല സാഹചര്യങ്ങളിലും കൂട്ടായ യത്നത്തിലൂടെ ഭദ്രാസന പ്രവർത്തനങ്ങളെ ജീവസുറ്റതാക്കുവാൻ ഏവർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

കോവിഡ് മൂലം സാമ്പത്തിക ഞെരുക്കം നേരിടുമ്പോഴും ആവശ്യത്തിലിരിക്കുന്നവർക്ക് ഫുഡ് കിറ്റും വൈദ്യ സഹായവും ഇതര മിഷൻ പ്രവർത്തനങ്ങളും തുടർന്ന് കൊണ്ട് പോകുവാൻ ദൈവം തമ്പുരാൻ പലരിലൂടെ സഹായിക്കുന്നതോർത്ത് നന്ദി അർപ്പിക്കാം. 2021 മെയ് മാസത്തോടെ പുതുതായി സ്ഥലംമാറിവന്ന ബഹുമാനപ്പെട്ട അച്ചൻമാരേയും കുടുംബാഗങ്ങളേയും ഭദ്രാസന പ്രവർത്തനങ്ങളിലേക്ക് സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു. ഏപ്രിൽ അവസാനത്തോടെ നമ്മുടെ ഭദ്രാസനത്തിൽ നിന്നും മറ്റ് ഭദ്രാസനങ്ങളിലേക്ക് സ്ഥലം മാറിപ്പോയ ബഹുമാനപ്പെട്ട അച്ചൻമാരേയും കുടുംബാംഗങ്ങളെയും നന്ദിയോടെ ഓർത്ത് നിങ്ങൾക്കെല്ലാവർക്കും വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുന്നു. നമ്മുടെ ഭദ്രാസനത്തിന്റെ മുഖപത്രമായ ഹെർമ്മോൻ ദൂതന്റെ ചീഫ് എഡിറ്ററായി ദീർഘകാലം അനുഗ്രഹീതമായ ശുശ്രൂഷ നിർവ്വഹിച്ച ദിവ്യശ്രീ പി. ജെ. തോമസ് കശ്ശീശ്ശ സഭയുടെ ക്രമീകരണമനുസരിച്ച് അൽ ഐൻ മാർത്തോമ്മാ ഇടവകയിലേക്ക് സ്ഥലം മാറി പോയിരിക്കുകയാണല്ലോ. പ്രീയ അച്ചനോടുള്ള സ്നേഹവും സന്തോഷവും അറിയിക്കട്ടെ. പുതിയ ചീഫ് എഡിറ്ററായി നിയോഗിക്കപ്പെട്ടിരിക്കുന്ന ഏഴംകുളം ശാലേം മാർത്തോമ്മാ ഇടവക വികാരി ദിവ്യശ്രീ ജോൺ മാത്യു കശ്ശീശ്ശക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

നാം ആരംഭിച്ച കലയപുരം മാർത്തോമ്മാ റെസിഡൻഷ്യൽ സ്കൂൾ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം അതിന്റെ പൂർത്തീകരണത്തിലേക്ക് അടുക്കുന്നു. അതോടൊപ്പം ഇലിപ്പക്കുളത്ത് ആരംഭിക്കുന്ന വയോജന സാന്ത്വന പരിചരണ കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. കോവിഡ് മൂലം ഇതിലേക്കുള്ള സാമ്പത്തിക സമാഹരണം നടത്തുവാൻ കഴിയാതെയിരിക്കുന്ന സാഹചര്യം മനസ്സിലാക്കി ധനശേഷിയുള്ളവർ ഇതിലേക്ക് നിങ്ങളുടെ പ്രീയപ്പെട്ടവരുടെ സ്മരണ നിലനിർത്തുവാൻ ഇടയാകുംവണ്ണം ഓരോ തുകകൾ നൽകി ഈ സംരംഭത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പുതിയ അധ്യയന വർഷം ഓൺലൈനിൽ പഠനം അരംഭിച്ചിരിക്കുന്ന എല്ലാ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും ഭദ്രാസനത്തിന്റെ പേരിലുള്ള ആശംസകളും പ്രാർത്ഥനകളും അറിയിക്കുന്നു. നമ്മുടെ കറ്റാനം സെന്റ് തോമസ് മിഷൻ ഹോസ്പിറ്റലിന്റെ അഡ്മിനിസ്ട്രേറ്ററായി ദിവ്യശ്രീ എം.പി. സോളമൻ അച്ചൻ മെയ് ആദ്യവാരം മുതൽ ചുമതല ഏറ്റെടുത്തു. അച്ചന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുക്കങ്ങളും ആശംസിക്കുന്നു.

ഭദ്രാസന പ്രവർത്തനങ്ങളിൽ നാം അനുഭവിക്കുന്ന ദൈവകൃപ അപാരമാണ്. ബഹുമാനപ്പെട്ട അച്ചന്മാരുടെയും സുവിശേഷകരുടെയും ജനങ്ങളുടെയും സ്നേഹവും വാത്സല്യവും ഏറെ പ്രസ്താവ്യമാണ്. ദൈവം തമ്പുരാൻ തുടർന്നും നമ്മെ വഴിനടത്തേണ്ടതിനായി പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം



**ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പ**

ഹെർമ്മോൻ അരമന, അടൂർ

09-06-2021

# ഭദ്രാസന സെക്രട്ടറിയുടെ

## അറിയിപ്പുകൾ



റവ. ബേബി ജോൺ

അത്യപൂർവ്വമായ ഒരു കാലത്തിലൂടെയാണ് ലോകം കടന്നു പോകുന്നത്. അതിന്റെ മദ്ധ്യത്തിലും അതിജീവനത്തിന്റെ സാദ്ധ്യകളെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ആ ദൈവീക സാദ്ധ്യതയാണ് കോവിഡിനെ പ്രതിരോധിക്കാനുള്ള വാക്സിനേഷൻ മാനവരാശിക്ക് ലഭ്യമായത്. വാക്സിനേഷൻ എല്ലാ ജനങ്ങൾക്കും സൗജന്യമായി നൽകണമെന്നുള്ള സുപ്രീം കോടതിയുടെ നിർദ്ദേശവും ഗവണ്മെന്റിന്റെ തിരുമാനവും സ്വാഗതാർഹവും സന്തോഷകരവുമാണ്.

ഈ പ്രത്യേക കാലത്തും അഭി. ഡോ. ഏബ്രഹാം മാർ പൗലൊസ് തിരുമേനിയുടെ ധീരവും കാലോചിതവുമായ ദർശനത്തേയും നേതൃത്വത്തേയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഈ കാലത്ത് തിരുമേനിയുടെ നേതൃത്വത്തിൽ കോറോണ അതിജീവനത്തിന്റെ ഭാഗമായി നടക്കുന്ന ഭദ്രാസനത്തിന്റെ എല്ലാ പ്രോഗ്രാമുകളും അഭിനന്ദനാർഹമാണ്. ഈ കാലത്ത് ഭദ്രാസനമായി 4 പ്രധാനമായ സബ്കമ്മിറ്റികൾ പ്രധാനമായും പ്രവർത്തിക്കുന്നു.

1. Vaccination Committee
2. Funeral Arrangement Committee
3. Councelling Programme Committee
4. Training for Resource Person

എല്ലാ സബ്കമ്മിറ്റികളുടെയും ആത്യന്തിക ലക്ഷ്യം ഈ കാലത്തെക്കുറിച്ചുള്ള ബോധവത്കരണവും മഹാമാരിയുടെ മദ്ധ്യേ ജീവിക്കുന്നവർക്ക് ആവശ്യമായ മാനസികാരോഗ്യവും പകർന്നുനൽകുക എന്നുള്ളതാണ്. ഫ്യൂണറൽ സബ്കമ്മിറ്റി മരണപ്പെടുന്ന കോവിഡ് രോഗിയുടെ ശവസംസ്കാര ശുശ്രൂഷയിൽ സഹായം ഒരുക്കുന്നതാണ്. ഈ കമ്മിറ്റിയുടെ സർവ്വീസുകൾ ഉപയോഗിക്കുവാനും ഭാഗവാക്കാകുവാനും നേതൃത്വം കൊടുക്കുവാനും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മെയ് മാസം അവസാനം മുതൽ എല്ലാ ശനിയാഴ്ചകളിലും വൈകിട്ട് 6 മണിക്ക് Zoom പ്ലാറ്റ്ഫോമിലൂടെ കൗൺസിലിംഗ് ക്ലാസിൽ 500-ൽ അധികം വ്യക്തികൾ പങ്കെടുക്കുന്നത് ശ്രദ്ധേയമാണ്. മാസാവസാനത്തിൽ നടക്കുന്ന ധ്യാനയോഗത്തിൽ പങ്കാളിത്വം വർദ്ധിക്കുന്നതിൽ വികാരി അച്ചന്മാരെയും കൺവീനർ റവ. റോണി ചെറിയാൻ അച്ചനെയും കൗൺസിലിംഗ് ക്ലാസിന് ക്രമീകരണം നടത്തുന്ന റവ. എം.പി. സോളമൻ അച്ചനെയും അനുമോദിക്കുന്നു.

ഈ കൊറോണ കാലത്ത് ഭദ്രാസനത്തിലെ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ചെറിയ-പുതിയ ഇടവകകളിലെ 360-ൽ അധികം കുടുംബങ്ങൾക്ക് ഭക്ഷ്യക്കിറ്റ് നൽകി സഹായിക്കുവാൻ കഴിഞ്ഞത് സന്തോഷത്തോടുകൂടി അറിയിക്കുന്നു. ഭക്ഷ്യകിറ്റിനും കോവിഡ് ബാധിതനായ സുവിശേഷകന്റെ ചികിത്സാ ചെലവിനും 3.5 ലക്ഷം രൂപ ചെലവായ ഇനത്തിൽ സംഭാവന നൽകി സഹായിച്ച എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

ഇലിപ്പക്കുളം വയോജന സാന്ത്വന പരിചരണ കേന്ദ്രത്തിന്റെയും കലയപുരം മാർത്തോമ്മാ റസിഡൻഷ്യൽ സ്കൂളിന്റെയും നിർമ്മാണം പുരോഗമിക്കുന്നു. ഇലിപ്പക്കുളം നിർമ്മാണത്തിന് സാമ്പത്തികമായി പ്രതിസന്ധി നേരിടുന്നു. കായംകുളം സെന്ററിലുള്ള എല്ലാ ഇടവക ജനങ്ങളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഏപ്രിൽ മാസം 10-ാം തീയതി ഭദ്രാസന അസംബ്ലി നടന്നു. ഭദ്രാസന എപ്പിസ്കോപ്പാ അഭി. ഡോ. ഏബ്രഹാം മാർ പൗലൊസ് തിരുമേനി അദ്ധ്യക്ഷത വഹിച്ച വാർഷികയോഗത്തിൽ വാർഷിക പ്രവർത്തന റിപ്പോർട്ടും ആഡിറ്റ് ചെയ്ത വരവ്-ചെലവ് കണക്കും ബഡ്ജറ്റും പാസ്സാക്കി. ഭദ്രാസന ചുമതലക്കാർ ഉൾപ്പെടുന്ന കൗൺസിൽ അംഗങ്ങളെയും തെരഞ്ഞെടുത്തു.

കഴിഞ്ഞ 4 വർഷം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ഭദ്രാസന സെക്രട്ടറി റവ. വി. കുഞ്ഞുകോശി അച്ചനോടും, 5 വർഷം ബിഷപ്പ് സെക്രട്ടറിയായി ശുശ്രൂഷ ചെയ്ത റവ. ഷിബു മാത്യു അച്ചനോടുമുള്ള നന്ദി അറിയിക്കുന്നു. പുതിയതായി ബിഷപ്പ് സെക്രട്ടറിയായി നിയമിതനായ റവ. സോജു എം. തോമസ്, അച്ചനും, വികാരി ജനറാളായി ശുശ്രൂഷ തുടരുന്ന ദിവ്യശ്രീ റ്റി.കെ. മാത്യു അച്ചനും ഭദ്രാസന ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. വർഗ്ഗീസ് തരകനും പ്രാർത്ഥനാ ആശംസകൾ അറിയിക്കുന്നു.

ഭദ്രാസന സെക്രട്ടറിയായി ശുശ്രൂഷ ചെയ്യുവാൻ അനുവാദം നൽകിയ ഭദ്രാസന അദ്ധ്യക്ഷൻ അഭി. ഡോ. ഏബ്രഹാം മാർ പൗലൊസ് തിരുമേനിയോടും തെരഞ്ഞെടുത്ത ഭദ്രാസന അസംബ്ലിയോടുമുള്ള നന്ദി അറിയിക്കുന്നു. ദൈവം ശക്തിപ്പെടുത്തുന്നതിനനുസരിച്ച് തിരുമേനിയുടെ നിർദ്ദേശാനുസരണവും കൗൺസിലിന്റെ തീരുമാനം അനുസരിച്ചും ഏല്പിച്ച ഉത്തരവാദിത്വം വിശ്വസ്തതയോടെ ചെയ്യാമെന്ന് വിശ്വസിക്കുന്നു. ഏവരുടേയും പ്രാർത്ഥന അപേക്ഷിക്കുന്നു.

പ്രാർത്ഥനയോടെ,

**റവ. ബേബി ജോൺ**

ഭദ്രാസന സെക്രട്ടറി

എഡിറ്റോറിയൽ

# അപരനോടുള്ള ആദരവിൽ പൂർണ്ണമാക്കപ്പെടുന്ന സ്വാതന്ത്ര്യം

“

എന്ത് ഭക്ഷിക്കണം എന്നതിന്റെ നിയന്ത്രണം അധികാര കേന്ദ്രത്തിൽ എത്തുമ്പോൾ എന്ത് ഉൽപ്പാദിപ്പിക്കണം എന്നതും അവരുടെ കൈപ്പിടിയിൽ ഒതുങ്ങുകയാണ്.

**റവ. ജോൺ മാത്യു എഴംകുളം**
ചീഫ് എഡിറ്റർ

ജീവനുള്ള ദേഹിയായിത്തീരുക, ജീവിച്ചിരിക്കുക, സമൃദ്ധമായ ജീവൻ ഉണ്ടാവുക, നിത്യജീവൻ പ്രാപിക്കുക ഇവയെല്ലാം വേദപുസ്തകത്തിൽ ആവർത്തിച്ച് ഉപയോഗിച്ചിരിക്കുന്ന പദങ്ങളാണ്. ജീവ നിഷേധ ഘടനകളെ പ്രതിരോധിക്കുന്ന ദൈവീക ഇടപെടലുകളുടെ ചരിത്രവും ജീവനെ ആദരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന നിയമങ്ങളുടെയും പാഠങ്ങളുടെയും സമാഹാരവുമാണ് വേദപുസ്തകം. അപരന്റെ ജീവനോടുള്ള ആദരവ് നിറഞ്ഞതാണ് സ്വാതന്ത്ര്യം എന്ന പരിപ്രേക്ഷ്യ. Freedom always enhances life of the other. ‘For to be free is not to cast one’s chain, but to live in a way that respect and enhances the freedom of others’ (Nelson Mandela).

ഭാരതം സ്വാതന്ത്ര്യത്തിന്റെ മുക്കാൽ നൂറ്റാണ്ട് പിന്നിടുമ്പോൾ അടിമത്വത്തിന്റെ പുതിയ ഘടനകൾ രൂപപ്പെടുകയും ജീവിക്കുവാനുള്ള മനുഷ്യന്റെ സ്വാതന്ത്ര്യത്തിനുമേൽ പുത്തൻ വിലങ്ങുകൾ അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന അപകടകരമായ അവസ്ഥയിലേക്ക് നാം വഴുതിപ്പോകുന്നു. ഭാഷ, ഭക്ഷണം, ആവിഷ്കാരം എന്നിവയെല്ലാം നിഷേധിക്കപ്പെടുകയും നിയന്ത്രണവിധേയമാക്കുകയും ചെയ്യുന്നുണ്ട്. നിയന്ത്രണത്തിലൂടെയുള്ള അധീശത്വം നവ സാമ്രാജ്യത്വത്തിന്റെ ആയുധമാണ്. ഏകരൂപം അധീശത്വം സ്ഥാപിക്കാനുള്ള ഉപകരണമാണ്. ജീവന്റെ നിലനിൽപ്പ് എല്ലായിപ്പോഴും അതിന്റെ ബഹുസ്വരതയിൽ അടിസ്ഥാനപ്പെട്ടതാണ്. ഭീമൻ കോർപറേറ്റുകളുടെതാൽപര്യ സംരക്ഷണത്തിനുവേണ്ടി ഭരണകൂടം അടിച്ചേൽപ്പിക്കുന്ന നിയന്ത്രണങ്ങളുടെ അടിമത്തഭാവങ്ങൾ ജീവന്റെ നിഷേധമാണ്.



എന്ത് ഭക്ഷിക്കണം എന്നതിന്റെ നിയന്ത്രണം അധികാര കേന്ദ്രത്തിൽ എത്തുമ്പോൾ എന്ത് ഉൽപ്പാദിപ്പിക്കണം എന്നതും അവരുടെ കൈപ്പിടിയിൽ ഒതുങ്ങുകയാണ്. കർഷക സമരത്തെ ഉൽപാദന വിതരണ സ്വാതന്ത്ര്യവുമായുള്ള ബന്ധത്തിൽ വായിക്കേണ്ടതാണ്. കർഷകരുടെ ജീവനോപാധികളുടെ മേലുള്ള കടന്നുകയറ്റം ജീവനിഷേധത്തിന്റെ കാണാക്കയങ്ങളാണ്.

മാധ്യമ വിലക്കും ഭാഷകളുടെ മേലുള്ള നിയന്ത്രണവും ആവിഷ്കാര സ്വാതന്ത്ര്യത്തിന് മേലുള്ള അധീശത്വമാണ്. രാജ്യതലസ്ഥാനത്തുള്ള ആതുരാലയത്തിൽ പോലും നടന്ന ഭാഷയുടെ മേലുള്ള കടന്നാക്രമണത്തിന് നാം സാക്ഷ്യം വഹിച്ചു.

വികസനത്തിന്റെ പേരിൽ അമിത നികുതി ഈടാക്കുന്ന ഭരണകൂടം അതിന്റെ പരിണിത ഫലങ്ങൾ ഏറെ അനുഭവിക്കേണ്ടി വരുന്ന സാധാരണക്കാരന്റെ രോദനം കേൾക്കാതെ പോകുന്നു. ഈ കോവിഡ് കാലത്ത് സാമ്പത്തിക സുരക്ഷിതത്വം അനുഭവിക്കുന്ന സർക്കാർ ശമ്പളവും പെൻഷനും ബോണസും അലവൻസും പറ്റുന്ന സാമാജികരും ഉദ്യോഗസ്ഥരും ഉണ്ട് എന്നത് നല്ലത് തന്നെ. എന്നാൽ പെൻഷനോ ആനുകൂല്യങ്ങളോ ഒന്നും ലഭിക്കാത്ത ചെറുകിട കച്ചവടക്കാരും, സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്നവരുമായ മധ്യവർഗ്ഗത്തിന്റെ ജീവനത്തിനായുള്ള നിലവിളികൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നു. അതിജീവനത്തിനായുള്ള ഇത്തരം നിലവിളികളോട് പ്രതികരിക്കുവാൻ ക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവരാജ്യമൂല്യങ്ങൾ നമ്മെ ഇപ്പോഴും വെല്ലു വിളിക്കുന്നു.





# തീവണ്ടി സ്റ്റേഷൻ

റവ. പി.എൻ. അലക്സാണ്ടർ

> “
>
> അവർ പറഞ്ഞു,
> ഈ രാത്രിയിൽ ഞങ്ങൾ എവിടെ പോകാൻ ഞങ്ങൾക്ക് വീടില്ല. ബസ് സ്റ്റാൻഡിലും റെയിൽവേസ്റ്റേഷനിലും ഉറങ്ങുന്നവർ. ഈ കൂടിക്കാഴ്ച ഒരു പുതിയ ചരിത്രസംഭവമായി.

നമുക്ക് എല്ലാവർക്കും വളരെ ഹൃദയ അടുപ്പമുണ്ടായിരുന്ന ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ തിരുമേനി 2021 മെയ് അഞ്ചാം തീയതി നമ്മെ വിട്ട് ദൈവ സന്നിധിയിൽസ ചേർക്കപ്പെട്ടു.

ഭദ്രാസന എപ്പിസ്കോപ്പാ ആയി അടൂർ ഹെർമോൻ അരമനയിൽ താമസിക്കുമ്പോഴാണ് 70 വയസ്സ് പൂർത്തീകരിക്കുന്നത് അന്നത്തെ മലയാള മനോരമ ദിനപത്രത്തിൽ തിരുമേനിയെ കുറിച്ച് ഒരു നല്ല ലേഖനം ഉണ്ടായിരുന്നു. തിരുമേനിയുടെ സഞ്ചാര പാതയിൽ റെയിൽവേ സ്റ്റേഷനുകളോട് അനുബന്ധിച്ചുണ്ടായ രണ്ടു ചെറിയ സംഭവങ്ങൾ എങ്ങനെ ജീവിത യാത്രയ്ക്ക് നിറവും ചൈതന്യവും പകർന്നു എന്നതായിരുന്നു വിഷയം.

ഒന്നാമത്തേത് വടക്കേ ഇന്ത്യയിൽ ഒരു റെയിൽവേ സ്റ്റേഷനിൽ രാത്രി വളരെ വൈകി ട്രെയിൻ കാത്തിരുന്ന സംഭവം. പോകേണ്ട ട്രെയിൻ വൈകി. വിജനമായിക്കൊണ്ടിരുന്ന സ്റ്റേഷനിൽ തങ്ങിയിരുന്ന ചില പോർട്ടർമാർ തന്റെ സ്നേഹിതരായി. കഷ്ടപ്പാടുകൾ നിറഞ്ഞ അവരുടെ ജീവിതം ബിരുദധാരിയായ ധർമിഷ്ഠന് ഒരു വെല്ലുവിളിയായി ചരിത്രം തിരുത്തി കുറിച്ചു. പിന്നാലെ ഒരു റെയിൽവേ പോർട്ടർ മാരുടെ ബാഡ്ജ് എടുത്ത് അവരുടെ ഇടയിൽ പ്രവർത്തിച്ചു.

രണ്ടാമത്തേത്  ഒരു തീവണ്ടി യാത്ര കഴിഞ്ഞ് വളരെ വൈകി കൊട്ടാരക്കര റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോഴുള്ളതാണ്. അന്ന് ഇടവക വികാരിയായി മൈലത്ത് പാഴ്സനേജിൽ ആയിരുന്നു താമസം. കയ്യിൽ അല്പം ഭാരമുള്ള ഒരു പെട്ടിയുണ്ട്. പെട്ടി ചുമക്കുവാൻ റയിൽവേ പ്ലാറ്റ്ഫോമിൽ ഉണ്ടായിരുന്ന

രണ്ട് കുട്ടികൾ പിടുത്തമിട്ടു. അവരെയും കൂട്ടി കൊട്ടാരക്കര സ്റ്റേഷനിൽ നിന്ന് റെയിൽവേ പാളത്തിന്റെ ഓരം ചേർന്ന് നടന്ന് പാഴ്സനേജിലെത്തി. പറഞ്ഞ് സമ്മതിച്ച കൂലി കുട്ടികൾക്ക് കൊടുത്തു നന്ദി പറഞ്ഞ് കുട്ടികളോട് പൊയ്ക്കോളാൻ പറഞ്ഞു. അവർ പറഞ്ഞു, ഈ രാത്രിയിൽ ഞങ്ങൾ എവിടെ പോകാൻ ഞങ്ങൾക്ക് വീടില്ല. ബസ് സ്റ്റാൻഡിലും റെയിൽവേസ്റ്റേഷനിലും ഉറങ്ങുന്നവർ. ഈ കൂടിക്കാഴ്ച ഒരു പുതിയ ചരിത്രസംഭവമായി. കുട്ടികൾ പാഴ്സനേജിൽ താമസിച്ചു. അടുത്ത ദിവസങ്ങളിൽ കൊട്ടാരക്കര റെയിൽവേ സ്റ്റേഷനിലും ബസ് സ്റ്റാൻഡിലും അലയുന്ന 11 കുട്ടികളെ കണ്ടെത്തി ഓരോരുത്തർക്കും പണം ഇടുന്ന ഓരോ കുടുക്ക നൽകി. അതാത് ദിവസത്തെ സമ്പാദ്യം അതിൽ നിക്ഷേപിക്കണം. കുടുക്ക തുറക്കുമ്പോൾ എത്ര പണമുണ്ടോ അത്രയും പണം അച്ചനും നൽകി തെരുവ് കുട്ടികളെ ചേർത്ത് നിർത്തി.


റെയിൽവേ പോർട്ടർ മാരുടെയും തെരുവിലലയുന്ന കുട്ടികളുടെയും ഇടയിൽ സമഗ്രമായ ഒരു ശുശ്രൂഷ ക്രിസോസ്റ്റം തിരുമേനിയുടെ സപ്തതിയോട് അനുബന്ധിച്ച് നടപ്പിലാക്കുവാൻ അടൂർ ഭദ്രാസന അസംബ്ലി ഐക്യകണ്ഠേന തീരുമാനിച്ചു. തിരുവനന്തപുരം ലയോള കോളേജിലെ സോഷ്യോളജി വിഭാഗവുമായി ചർച്ച ചെയ്തു മൂന്ന് മേഖലകളിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു.

### Street Strangers Ministry
**(തെരുവിൽ അകപ്പെട്ട കുട്ടികളുടെ ഇടയിലെ ശുശ്രൂഷ)**

തിരുവനന്തപുരത്ത് റെയിൽവേ സ്റ്റേഷന് സമീപം സെലേഷ്യൻ ഫാദേഴ്സ് ആരംഭിച്ച പകലും രാത്രിയും തുറന്ന് വയ്ക്കുന്ന 'Day and Night Shelter Home' വിശ്രമ കേന്ദ്രത്തോട് യോജിച്ച് പ്രവർത്തനം തുടങ്ങി. വീട്ടിൽ നിന്നും ഒളിച്ചോടി തിരുവനന്തപുരത്ത് വന്നിറങ്ങുന്ന കുട്ടികളുൾപ്പെടെ പാളയം, ചാല, കോവളം ബസ് സ്റ്റാന്റുകൾ എന്നിവിടങ്ങളിൽ അലയുന്ന കുട്ടികൾക്ക് ഏതു സമയത്തും വരുവാനും വിശ്രമിക്കുന്നതിനുമാണ് ഈ സ്ഥാപനം. കുട്ടികളോട് ഇടപഴകാനും അവർക്ക് ലക്ഷ്യബോധവും വിവിധ പരിശീലനത്തിന് അയയ്ക്കുവാനുള്ള വിശാലമായ ക്രമീകരണവുമായിരുന്നു അത്. DGP സിബി മാത്യുവും മറ്റും കാക്കി വേഷം മാറ്റി ഇവിടെ വരുന്ന കുട്ടികളോട് ചേർന്ന് വിനോദ പരിപാടികളിൽ ഏർപ്പെടുകയും ചെയ്യുന്നത് പതിവായിരുന്നു.

### Observation and Juvenile Home
**(കുട്ടികളുടെ ജയിലുകൾ)**

തിരുവനന്തപുരം പൂജപ്പുര, ബീച്ച് റോഡ് കൊല്ലം, തിരുവഞ്ചൂർ കോട്ടയം, സ്നേഹ ഭവൻ എറണാകുളം, തൃശ്ശൂർ രാമവർമ്മപുരം, കോഴിക്കോട് വെള്ളിമാട്കുന്ന് എന്നീ സ്ഥലങ്ങളിൽ നടത്തപ്പെടുന്ന കുട്ടികളുടെ



ജയിലുകൾ, observation homes എന്നിവ സന്ദർശിക്കുന്നതിനും ക്ലാസ്സുകൾ എടുക്കുന്നതിനും അനുവാദം ലഭിച്ചിരുന്നു. B D പഠനം പൂർത്തീകരിച്ച് പ്രയോഗിക പരിശീലനത്തിന് വന്ന വൈദിക വിദ്യാർത്ഥികളും, M B A കഴിഞ്ഞവരും, PhD ചെയ്യുന്നവരും കൂടുന്ന നല്ല ഒരു ടീം കുട്ടികളുടെ ജയിലുകളിൽ പ്രവർത്തിച്ചു. ജയിൽ അധികാരികളും കുട്ടികളുമായി നല്ല സൗഹൃദത്തിന് ഈ പ്രവർത്തനം വഴിയൊരുക്കി.

### Railway Mission
**(റെയിൽവേ പോർട്ടർ മാരുടെ ഇടയിലെ സൗഹൃദ ശുശ്രൂഷ)**

നാഗർകോവിൽ മുതൽ കണ്ണൂർ വരെയും, ഷൊർണൂർ മുതൽ കോയമ്പത്തൂർ വരെയും, കാട്പാടി മുതൽ ചെന്നൈ സെൻട്രൽ വരെയും 35 പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ റെയിൽവേ പോർട്ടർ മാരോട് വളരെ അടുത്ത സമ്പർക്കം പുലർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. അവരുടെ തൊഴിലിനോടുള്ള മനോഭാവം, കുട്ടികളുടെ വിദ്യാഭ്യാസം, കുടുംബത്തിന്റെ ഭദ്രത, ആരോഗ്യം തുടങ്ങിയ വിവിധ മേഖലകളിൽ അവർക്ക് സഹായകരമായ ആളത്വ ബന്ധം സ്ഥാപിക്കുവാൻ ത്യാഗനിർഭരവും ആത്മാർത്ഥവുമായ നമ്മുടെ പ്രവർത്തനങ്ങൾ കൊണ്ട് സാധിച്ചു.

അഭിവന്ദ്യ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള കരുതലും സ്നേഹവുമാണ് ഈ ശുശ്രൂഷകൾക്ക് കരുത്തു പകർന്നിട്ടുള്ളത്. മനുഷ്യനെ വിലയുള്ളവനായി കാണുവാനും അവനിലെ മനുഷ്യത്വം ഉണർത്തുവാനുമുള്ള തിരുമേനിയുടെ അഭിനിവേശം എക്കാലത്തും സ്മരിക്കപ്പെടും

## അനുസ്മരണം



**റവ. കെ. എം. ഐസക്**

കൈപ്പട്ടൂർ സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗമായ റവ. കെ. എം ഐസക് അച്ചൻ 2021 മെയ് മാസം 13നു കർത്താവിൽ നിദ്ര പ്രാപിച്ചു. അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്താ തിരുമേനിയുടെയും അടൂർ ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ തിരുമേനിയുടെയും കാർമികത്വത്തിലും സഭാ സെക്രട്ടറി റവ. കെ ജി ജോസഫ്, ഭദ്രാസന-സെന്റർ തലത്തിലുള്ള വൈദീകർ എന്നിവരുടെ നേതൃത്വത്തിലും മെയ് 15 ന് രാവിലെ 9.30 ന് മാതൃഇടവകയിൽ സംസ്കാരം നടത്തി.

കൈപ്പട്ടൂർ പുതുപ്പറമ്പിൽ പരേതരായ പി. എ. തോമസിന്റെയും മറിയാമ്മ തോമസിന്റെയും മകനായി 1943 മാർച്ച് മാസം 24ന് ജനിച്ചു. 1975-79 വർഷത്തിൽ കോട്ടയം മാർത്തോമ്മാ വൈദിക സെമിനാരിയിൽനിന്നും വൈദിക പഠനം പൂർത്തിയാക്കി. 1979 മെയ് മാസം 29ന് പത്തനാപുരം ഇമ്മാനുവൽ മാർത്തോമ്മാ പള്ളിയിൽ ഭാഗ്യസ്മരണീയനായ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തയിൽ നിന്നും കശ്ശീശ്ശപ്പട്ടം സ്വീകരിച്ചു. ആനപ്രാമ്പാൽ, പുനലൂർ കർമ്മേൽ, വിളക്കുവട്ടം, നെല്ലിപ്പള്ളി സെന്റ് പോൾസ്, ചാലിയേക്കര ഇമ്മാനുവേൽ, പൂനാ സെന്റ് പീറ്റേഴ്സ്, അഹമ്മദാബാദ്, കരിമ്പ സെന്റ് തോമസ്, കുമ്പളന്താനം സെന്റ്. ജോൺസ്, വലിയകുന്നം സെന്റ് പോൾസ്, ആനിക്കാട് സെന്റ് തോമസ്, അൽ-ഐൻ, അട്ടച്ചാക്കൽ സെന്റ് തോമസ്, ചെങ്ങറ ബഥേൽ, കല്ലേലി സെന്റ് തോമസ്, ഊട്ടുപാറ ബഥേൽ, അരുവപ്പുലം താബോർ, കുന്നിട സെന്റ് തോമസ്, ഇളമ്പൽ സെന്റ് തോമസ്, പുതുക്കാടു ജെറുസലേം, അങ്ങാടിക്കൽ ശാലേം, കൈപ്പട്ടൂർ ബഥേൽ, കൈപ്പട്ടൂർ സെന്റ് തോമസ്, വി. കോട്ടയം എബനേസർ, പുത്തൻ പീടിക സെന്റ് തോമസ് എന്നീ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

2008 മെയ് 1 മുതലുള്ള വിശ്രമകാലയളവിലും ഭദ്രസന-സെന്റർ ഇടവകതല പ്രവർത്തനങ്ങൾക്ക് ആവശ്യമായ നേതൃത്വം നൽകി. പന്തളം സെന്റർ മിഷനറിയായും പ്രവർത്തിച്ചുവരികയായിരുന്നു. ഭാര്യ പരേതയായ ശാന്തമ്മ ഐസക്, കോട്ടയം കുറശ്ശേരിൽ കുടുംബാംഗമാണ്.

**റവ. എബ്രഹാം തോമസ് (വികാരി)**

ധ്യാനം





റവ. തോമസ് കോശി
പനച്ചമൂട്ടിൽ

# ജീവൻ ആദരിക്കപ്പെടുന്ന സ്വാതന്ത്ര്യം

യോഹന്നാൻ 8:31, 32

> “ഓരോ ജീവനെയും ആദരിക്കുകയും കരുതുകയും ചെയ്യുന്നതിലൂടെ മാത്രമേ നമുക്ക് സ്വാതന്ത്ര്യവും സന്തോഷവും സമാധാനവും അനുഭവിക്കാൻ കഴിയൂ.

യെരുശലേം ദൈവാലയത്തിന്റെ വിവിധ ഇടങ്ങളിൽ തന്റെ ചുറ്റുംകൂടിയ ജനത്തെ യേശു ഉപദേശിച്ചുകൊണ്ടിരുന്നു. പലരും അവന്റെ വാക്കുകളിൽ വിശ്വസിച്ചു (യോഹ.8:30). അവൻ അവരെ തന്റെ ശിഷ്യന്മാരായി അംഗീകരിക്കുകയും ചെയ്തു. ഇവരോടു സംവദിക്കുമ്പോൾ പറയുന്ന വാക്കുകളാണ് 31 മുതലുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു വ്യക്തി സ്വാതന്ത്ര്യത്തിന്റെ നന്മകൾ അനുഭവിക്കുന്നത് മതപരവും രാഷ്ട്രീയവും മാനസികവും സാമൂഹികവുമായ അബദ്ധ സങ്കല്പങ്ങളിൽ നിന്നും വിമോചിതനാകുമ്പോഴാണെന്ന് പഠിപ്പിക്കുന്ന ക്രിസ്തുവിനെയാണ് ഈ വേദഭാഗത്ത് കാണുവാൻ കഴിയുന്നത്. ദൈവമാണ് സത്യം. സത്യത്തെ തിരിച്ചറിഞ്ഞ് വചനത്തിൽ ആശ്രയിക്കുമ്പോഴാണ് സ്വാതന്ത്ര്യം അനുഭവവേദ്യമാവുക. ദൈവം ദാനമായി നൽകിയ ജീവനും ആ ജീവനെ ആദരിക്കുന്നതിലൂടെ ലഭ്യമാകുന്ന സ്വാതന്ത്ര്യവും തിരിച്ചറിയുവാൻ ഈ ധ്യാനത്തിലൂടെ നമുക്ക് സാധിക്കണം.

**ജീവൻ**

ജീവൻ ദൈവത്തിന്റെ ദാനമാണ്. “യഹോവയായ സത്യദൈവം” എന്നാണ് യിരെമ്യാവ് പ്രവാചകൻ പറയുന്നത്. “അവൻ ജീവനുള്ള ദൈവമാണ്” (യിരെമ്യാവ് 10:10). ജീവനുള്ള സകലത്തിന്റെയും സ്രഷ്ടാവുമാണ് ദൈവം. വെളിപ്പാടുപുസ്തകത്തിൽ സ്വർഗ്ഗീയ ജീവികൾ യഹോവയാം ദൈവത്തോട് ഇങ്ങനെ പറയുന്നു “നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം

ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകുന്നു" (വെളിപ്പാട് 4:11). "നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ" (സങ്കീ. 36:9) എന്ന് ദാവീദിന്റെ സ്തുതിഗീതത്തിൽ കാണുവാൻ കഴിയും. സകലവും അവൻ മുഖാന്തരമാണല്ലോ ഉളവായത്. ആയതിനാൽ നമ്മുടെ ജീവൻ നിലനിർത്തുന്നതും ദൈവമാണ് (അപ്പൊ.പ്രവ.17:28). അവൻ നമുക്ക് ഭക്ഷിപ്പാൻ ആഹാരവും കുടിക്കുവാൻ വെള്ളവും ശ്വസിക്കുവാൻ വായുവും താമസിക്കുവാൻ ഇടവും പ്രദാനം ചെയ്യുന്നു (അപ്പൊ.പ്രവ.14:15-17). ജീവിതം ആസ്വാദ്യമാക്കിത്തീർക്കുംവിധമാണ് ദൈവം എല്ലാം ചെയ്തിരിക്കുന്നത്. ഈ ജീവിതം പൂർണ്ണ സ്വാതന്ത്ര്യത്തോടെ ആസ്വദിക്കണമെങ്കിൽ നാം ദൈവീക വചനങ്ങളെ അനുസരിക്കണം.

ജീവന്റെ ആവിർഭാവം പഞ്ചഭൂതങ്ങൾ (വായു, ജലം, അഗ്നി, ഭൂമി, ആകാശം) എന്ന അടിസ്ഥാനങ്ങളുടെ സമന്വയമാണെന്നാണ് പുരാതന ഭാരതീയ അറിവുകൾ പറയുന്നത്. ആധുനികശാസ്ത്രം കണ്ടെത്തിയ ഡി.എൻ.എ.യുടെ അടിസ്ഥാനഘടകം ഹൈഡ്രജൻ, ഓക്സിജൻ, നൈട്രജൻ, കാർബൺ, ഫോസ്ഫറസ് എന്നീ മൂലകങ്ങളുടെ വിവിധ ആനുപാതിക ക്രമീകരണത്തിൽ അധിഷ്ഠിതമാണെന്ന് ഉറപ്പിച്ചിരിക്കുന്നു. ജീവജാലങ്ങളിൽ ഈ മൂലകങ്ങളുടെ അനുപാതത്തിൽ സംഭവിക്കുന്ന വ്യതിയാനങ്ങളാണ് രോഗകാരണങ്ങൾ എന്നാണ് സിദ്ധവൈദ്യശാസ്ത്രം പറയുന്നത്. ഈ ശാസ്ത്രീയ കാഴ്ചപ്പാടുകൾ എല്ലാം വേദപുസ്തകത്തിലെ സൃഷ്ടിചരിത്രത്തിന് കൂടുതൽ ശാക്തീകരണമാണ് നൽകുന്നത്. സൃഷ്ടിയുടെ ഉല്പത്തിയിൽ ആകാശം, ഭൂമി (മണ്ണ്), വായു (ആത്മാവ്), വെള്ളം, അഗ്നി ഇവയുടെയൊക്കെ സങ്കലനം ദൈവകരങ്ങളിലൂടെ സംഭവിക്കുന്നത് കാണുവാൻ കഴിയും. അതിനാലത്രെ ജീവന്റെ ഉറവിടം ദൈവമാണെന്നും അത് ദൈവത്തിന്റെ ദാനമാണെന്നും നാം വിശ്വസിക്കുന്നത്.

### സ്വാതന്ത്ര്യം

ജീവനെക്കുറിച്ചു പറയുന്നതുപോലെതന്നെ സ്വാതന്ത്ര്യത്തെയും ഒരു നിർവചനത്തിലൊതുക്കാനാവില്ല. സങ്കീർണ്ണവും വിപുലവുമാണതിന്റെ തലങ്ങൾ. അടിമത്വം ഇല്ലാത്ത, നിയന്ത്രണങ്ങൾ ഇല്ലാത്ത, പരാശ്രയത്വമില്ലാത്ത അവസ്ഥയ്ക്കാണ് നാം സ്വാതന്ത്ര്യം എന്നു പറയുന്നത്. സ്വാതന്ത്ര്യത്തിന്റെ ഫലം ആനന്ദമത്രെ. ഈ ആനന്ദം അനുഭവിക്കണമെങ്കിൽ, ത്യാഗങ്ങളും സഹനങ്ങളും അനിവാര്യമത്രെ. ഗാന്ധിജിയെപ്പോലെയുള്ള മഹാത്മാക്കൾ അനുഭവിച്ച ത്യാഗങ്ങളും സഹനങ്ങളുമാണല്ലോ ഇന്ന് നാം അനുഭവിക്കുന്ന ജനാധിപത്യ സ്വാതന്ത്ര്യം.

ഒരു പൗരന് അന്തസ്സും വ്യക്തിത്വവും നിലനിർത്തുന്നതിനും ജീവിക്കുന്നതിനും സഞ്ചരിക്കുന്നതിനും അഭിപ്രായം പ്രകടിപ്പിക്കുന്നതിനും ഏതെങ്കിലും ആശയങ്ങളിൽ വിശ്വസിക്കുന്നതിനും അവകാശമുണ്ട്. ഇതിനാണ് നാം സ്വാതന്ത്ര്യം എന്ന് പറയുന്നത്. ഈ അവകാശത്തിന്മേൽ ആർക്കും തടസ്സം സൃഷ്ടിക്കുവാൻ അനുവാദമില്ല. 'പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം' എന്നാണ് പറയപ്പെടുന്നത്. ഈ ഭൂമിയിൽ നാം ജനിച്ചു വീഴുന്നത് സ്വതന്ത്രരായാണ്. പക്ഷേ ഈ സമൂഹത്തിൽ നാം അഭിമുഖീകരിക്കുന്ന ചെറിയൊരു കാരണം മതിയാകും നമ്മുടെ ഉള്ളിലെ സ്വാതന്ത്ര്യത്തിന് മങ്ങലേൽക്കുവാൻ. മനുഷ്യൻ കോപം, ഭയം, അസൂയ, കാമം, സ്നേഹം എന്നീ വികാരങ്ങളുടെ അടിമയാണ്. ഈ വികാരങ്ങൾ നമ്മെ അക്രമം, അധികാരേച്ഛ, കീഴടക്കൽ, സ്വന്തമാക്കൽ, അധീശത്വം തുടങ്ങിയ നീചകർമ്മങ്ങളുടെ അടിമകളാക്കും. ഈ വികാരങ്ങളെയും കർമ്മങ്ങളെയും അകറ്റിനിർത്തുവാൻ കഴിയുമ്പോഴാണ് മനുഷ്യൻ സ്വാതന്ത്ര്യം അനുഭവിക്കുന്നത്. അതായത് സ്വത്വബോധത്തിൽ നിന്നും ദൈവബോധത്തിലേക്ക് എത്തിച്ചേരുമ്പോൾ ലഭിക്കുന്ന അനുഭവമാണ് സ്വാതന്ത്ര്യം.

ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളോടും കാഠിന്യങ്ങളോടും പൊരുതിനിന്ന് നേടിയെടുക്കേണ്ടതും നിലനിർത്തേണ്ടതുമാണ് സ്വാതന്ത്ര്യം. നൊമ്പരങ്ങളില്ലാതെ സ്വാതന്ത്ര്യമില്ല. പീഡകളിൽനിന്ന് ഒളിച്ചോടുന്നവർക്ക് സ്വാതന്ത്ര്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയില്ല. സ്വാതന്ത്ര്യത്തിന്റെ വാഗ്ദത്ത ഭൂമിയിലെത്തുവോളം മോശയെന്ന മുന്നണിപ്പോരാളിയുടെ നേതൃത്വത്തിൽ യിസ്രായേൽ ജനത സഹിച്ച കഷ്ടതകൾ പുറപ്പാട് ചരിത്രത്തിൽ നാം ദർശിക്കുന്നുണ്ടല്ലോ.

### സത്യം നിങ്ങളെ സ്വതന്ത്രരാക്കും

'സ്വാതന്ത്ര്യം' എന്ന പദം അർത്ഥമാക്കുന്നത് ചെയ്യേണ്ടതു ചെയ്യേണ്ട സമയത്തു ചെയ്യുവാനും ചെയ്യരുതാത്തത് അവസരോചിതമായി ചെയ്യാതിരിക്കാനുമുള്ള മനുഷ്യന്റെ ഉത്തരവാദിത്തമാണ്. വിശുദ്ധമായ മനസ്സിന്റെ ഉടമകൾക്കുമാത്രമേ ഇതിനു കഴിയൂ. യോഹന്നാൻ 8:31-38 ഭാഗങ്ങളിൽ സത്യവും സ്വാതന്ത്ര്യവും തമ്മിലുള്ള ബന്ധം വ്യക്തമാക്കിയിരിക്കുന്നു. സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നാണ് യോഹന്നാൻ 8:32-ൽ പറയുന്നത്. ആരാണ് ഈ സത്യം? യോഹന്നാൻ 14:6-ൽ നാം ഇപ്രകാരം വായിക്കുന്നു: "യേശു പറഞ്ഞു: ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു" യേശുവാണ് സത്യം. പാപപങ്കിലമായ വ്യവസ്ഥിതികളുള്ള ഒരു ലോകത്താണ് നാം ജീവിക്കുന്നത്. ഈ വ്യവസ്ഥിതികളുടെ ബന്ധ

നത്തിൽ നിന്നും നാം സ്വതന്ത്രരാകണമെങ്കിൽ സത്യമായ ക്രിസ്തുവിനെ അറിയുകയും അംഗീകരിക്കുകയും വേണം. യേശുവിന്റെ അരികിൽ എത്തിയവരെല്ലാം രോഗങ്ങൾ, പാപം, പീഡകൾ, നഷ്ടങ്ങൾ എന്നിവയിൽ നിന്നെല്ലാം വിമോചിതരായതായി നാം പുതിയ നിയമത്തിലൂടെ കാണുന്നുണ്ട്.

ഇവിടെ യേശു തന്റെ മുന്നിലുള്ള സദസ്സിനോട് സത്യം അവരെ സ്വതന്ത്രരാക്കുമെന്നു പറഞ്ഞപ്പോൾ, "ഞങ്ങൾ അബ്രഹാമിന്റെ സന്തതി, ആർക്കും ഒരുനാളും ദാസന്മാരായിരുന്നിട്ടില്ല, നിങ്ങൾ സ്വതന്ത്രന്മാർ ആകും എന്നു നീ പറയുന്നത് എങ്ങനെ?" (യോഹ.8:33) എന്നായിരുന്നു അവരുടെ പ്രതികരണം. തങ്ങളെ സ്വതന്ത്രരാക്കുവാൻ ആരുടെയും ആവശ്യമില്ല എന്നായിരുന്നു അവരുടെ വിചാരം. എന്നാൽ യേശു ഇങ്ങനെ വിശദീകരിക്കുന്നു: "..... പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു" (യോഹ.8:34). നമ്മിലെ പാപചിന്തകളും പ്രവർത്തികളും നമ്മെ അസ്വാതന്ത്ര്യത്തിലാണ് നിലനിർത്തുന്നത്. അതിനാൽ പൂർണ്ണ സ്വാതന്ത്ര്യം അനുഭവിക്കണമെങ്കിൽ യേശു സത്യമാണെന്നും അവനിലൂടെ മാത്രമേ സ്വാതന്ത്ര്യം അനുഭവിക്കുവാൻ കഴിയൂ എന്നും നാം തിരിച്ചറിയണം. കർത്താവായ യേശുമ്ശിഹായുടെ ക്രൂശിലെ ബലിയിലൂടെയാണ് സകല പാപബന്ധനങ്ങളിൽ നിന്നും മനുഷ്യൻ വിമോചിതനാകുന്നത്.

### ആദരിക്കപ്പെടേണ്ട ജീവനും സ്വാതന്ത്ര്യവും

"എല്ലാ മനുഷ്യജീവികളും സ്വാതന്ത്ര്യത്തിൽ ജനിച്ചവരും ഒരേ അവകാശങ്ങളും മഹത്വവും അർഹിക്കുന്നവരുമാണ്" എന്നാണ് ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശപ്രഖ്യാപനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവത്തിന്റെ ദാനമായ ജീവൻ വളരെ പവിത്രവും ആദരണീയവുമാണ്. എല്ലാ ജീവനും തുല്യപ്രാധാന്യമാണുള്ളത്. മനുഷ്യജീവനും പ്രകൃതിയിലുള്ള ഇതരജീവജാലങ്ങളുടെ ജീവനും ആദരിക്കപ്പെടേണ്ടവയാണ്. എല്ലാറ്റിനും ജീവിക്കുവാനും വളരുവാനുമുള്ള സ്വാതന്ത്ര്യവും ദൈവം നൽകിയിട്ടുണ്ട്. ഓരോ ജീവനെയും ആദരിക്കുകയും കരുതുകയും ചെയ്യുന്നതിലൂടെ മാത്രമേ നമുക്ക് സ്വാതന്ത്ര്യവും സന്തോഷവും സമാധാനവും അനുഭവിക്കുവാൻ കഴിയൂ.

സ്വന്തം ജീവനോടും മറ്റുള്ളവരുടെ ജീവനോടും നമുക്ക് ആദരവ് ഉണ്ടായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. കയീൻ തന്റെ അനുജൻ ഹാബേലിന്റെ ജീവനോടു കാട്ടിയ അനാദരവ് കയീനെ പാപത്തിലേക്കും കൊലപാതകത്തിലേക്കും നയിച്ചു. അവസാനം അവൻ ദൈവത്തിന്റെ ശിക്ഷയ്ക്ക് പാത്രമാവുകയും ചെയ്തു (ഉല്പത്തി 4:3-11). സഹജീവികളോടുള്ള നമ്മുടെ മനോഭാവം ശരിയല്ലെങ്കിൽ നാം പാപത്തിന്റെ അടിമകളാകും. "സഹോദരനെ പകക്കുന്നവൻ എല്ലാം കൊലപാതകൻ ആണ്" എന്നാണ് 1 യോഹന്നാൻ 3:16-ൽ രേഖപ്പെടുത്തിയിരിക്കുന്നത്. എല്ലാ അക്രമപ്രവർത്തനങ്ങളും ഉടലെടുക്കുന്നത് വിദ്വേഷത്തിൽ നിന്നുമാണ്. നമ്മുടെ ഹൃദയത്തിൽ നിന്നും വിദ്വേഷത്തെ പിഴുതെറിയുവാൻ കഴിയുമ്പോഴാണ് സ്വാതന്ത്ര്യവും സമാധാനവും ലഭ്യമാകുന്നത്.

സ്വന്തജീവനോടുള്ള അനാദരവ് വർദ്ധിച്ചുവരുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. താൽക്കാലികമായ ഉല്ലാസത്തിനുവേണ്ടി ലഹരി ഉപയോഗിക്കുന്നതും യാഥാർത്ഥ്യങ്ങളിൽ നിന്നും ഒളിച്ചോടുവാൻ ആത്മഹത്യ ചെയ്യുന്നതും അലസമായി വാഹനങ്ങളോടിച്ച് അപകടങ്ങൾ സൃഷ്ടിക്കുന്നതുമെല്ലാം ജീവനോടുള്ള അനാദരവിന്റെ ലക്ഷണങ്ങളാണ്. നമ്മുടെ ജീവിതരീതികൾ നമ്മുടെയോ മറ്റുള്ളവരുടെയോ ജീവന് ഭീഷണിയാകാൻ പാടില്ല. ഇതര ജീവജാലങ്ങളുടെ ജീവനും സ്രഷ്ടാവിനു പവിത്രമാണ്. ഭക്ഷണത്തിനും വസ്ത്രത്തിനും മറ്റ് അടിസ്ഥാന ആവശ്യങ്ങൾക്കും വേണ്ടിയല്ലാതെ ഒന്നിനെയും കൊല്ലുവാൻ ദൈവം അനുവദിക്കുന്നില്ല (ഉല്പത്തി 3:21, 9:3, പുറപ്പാട് 21:28). വിനോദത്തിനുവേണ്ടിയും ആർഭാടത്തിനു വേണ്ടിയും കൊല്ലുകയോ നശിപ്പിക്കുകയോ ചെയ്യുന്നത് തെറ്റാണ്. അത് ജീവന്റെ പവിത്രതയോടുള്ള അനാദരവാണ് (സദൃശ്യവാക്യങ്ങൾ 12:10).

### ഉപസംഹാരം

ദൈവദാനമായ ജീവനെ ആദരിക്കുന്നവർക്കുമാത്രമേ സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയൂ. സൃഷ്ടികളെ ആദരിക്കുമ്പോൾ നാം സൃഷ്ടാവിനെയാണ് ആദരിക്കുന്നതും മഹത്വപ്പെടുത്തുന്നതും. ചിട്ടകൾക്കും ചട്ടങ്ങൾക്കും വിധേയപ്പെടുന്ന ഒരു വ്യക്തിക്കുമാത്രമേ ദൈവീക ദാനമായ സ്വാതന്ത്ര്യം ആസ്വദിക്കുവാൻ ഇടയാകൂ. ഈ സത്യമാണ് ദൈവം തന്റെ പുത്രനിലൂടെ ലോകത്തിനു വെളിപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ ഹൃദയം ദൈവസ്നേഹത്താൽ സമ്പന്നമാകാത്തിടത്തോളം കാലം സ്വാതന്ത്ര്യം നമുക്കൊരു മരീചികയായിരിക്കും. സ്വാർത്ഥത, വിദ്വേഷം, ആസക്തി തുടങ്ങിയ നൂലിഴകളാൽ നാം തന്നെ നെയ്തെടുത്ത വലയ്ക്കുള്ളിൽ കുടുങ്ങിയിരിക്കയാണ് നമ്മൾ. മഹത്തായ ദൈവസ്നേഹത്താൽ നിറയപ്പെടാത്തിടത്തോളം കാലം നാം പാരതന്ത്ര്യത്തിലായിരിക്കും. ക്രിസ്തു എന്ന സത്യത്തെ തിരിച്ചറിഞ്ഞ് ഈ സത്യത്താൽ ഹൃദയത്തെ നിറയ്ക്കുക. അങ്ങനെ നാം സ്വാതന്ത്ര്യത്തിന്റെയും സമൃദ്ധമായ ജീവന്റെയും അവകാശികളും പ്രചാരകരുമായിത്തീരുക.



# ഒരു അദ്ധ്യാപികയുടെ ഓർമ്മക്കുറിപ്പുകൾ

**മിസിസ്സ് ജോസി സാമുവേൽ**
ചാച്ചിപ്പുന്ന

1984 ജൂൺ മാസത്തിലാണ് മാർത്തോമ്മാ മാനേജ്മെന്റിൽ ഞാൻ ഒരു സംഗീത അധ്യാപികയായി നിയമിക്കപ്പെട്ടത്. കേരളത്തിലെ പ്രശസ്തമായ തിരുവനന്തപുരം വിമൻസ് കോളേജിൽ നിന്നും സംഗീതത്തിൽ മാസ്റ്റർ ബിരുദം (M.A.) പൂർത്തിയാക്കിയാണ് ഞാൻ അധ്യാപികയായത്.

മാനേജ്മെന്റിലെ പല വിദ്യാലയങ്ങളിലും ഒഴിവുണ്ടായിരുന്നെങ്കിലും ഇന്റർവ്യൂവിൽ ഫസ്റ്റ് റാങ്ക് നേടിയതിനാൽ കേരളത്തിലെ ഏറ്റവും നല്ല വിദ്യാലയം എന്ന പ്രശസ്തി നേടിയ കോട്ടയം മാർത്തോമ്മാ സെമിനാരി ഹൈസ്കൂളിൽ ആണ് ഞാൻ നിയമിക്കപ്പെട്ടത്. 2500-ൽ അധികം ആൺകുട്ടികൾ പഠിക്കുന്ന ഒരു വലിയ കലാലയമായിരുന്നു അന്ന് എം.റ്റി. സെമിനാരി ഹൈസ്കൂൾ. കലാ-കായിക രംഗങ്ങളിൽ സംസ്ഥാനത്ത് ഉന്നതമായ നിലവാരം പുലർത്തിയ സ്കൂളായിരുന്നു അത്. 1996-വരെ ആ സ്കൂളിലും തുടർന്ന് Karavalur AMMH.S., Tiruvalla S.C.S. H.S.S. എന്നീ സ്കൂളുകളിലും ജോലി ചെയ്ത് 35 വർഷത്തെ സേവനത്തിനുശേഷം 2019-ൽ വിരമിച്ചു.

ഒരുപാട് ഓർമ്മകൾ തിരതല്ലുന്നുണ്ടെങ്കിലും ചിലത് പങ്കുവയ്ക്കുന്നു. അന്ന് കോർപ്പറേറ്റ് മാനേജർ ആയിരുന്ന യശശ്ശരീരനായ സി.എ. ജോർജ്ജ് സർ അധ്യാപക മീറ്റിംഗിൽ പറഞ്ഞ ഒരനുഭവം കുറിക്കട്ടെ.

> “
> അമ്മേ, ഞങ്ങളുടെ സാറു വന്നു”. സാറേ അകത്തോട്ടൊന്നു കയറാമോ എന്നു അമ്മ ചോദിച്ചു. അകത്ത് ഇരുണ്ട മുറിയിൽ കട്ടിലിൽ തളർന്നു കിടക്കുന്ന അമ്മ. “സാറേ, എനിക്ക് ഇവൻ മാത്രമേ ഉള്ളൂ. അവന്റെ അച്ഛൻ മരിച്ചുപോയി. എഴുന്നേറ്റു നടക്കാൻ വയ്യാത്ത എന്നെ അവനാണ് ശുശ്രൂഷിക്കുന്നത്.

റാന്നിയിൽ സ്കൂളിൽ പ്രധാന അധ്യാപകനായി പ്രവർത്തിക്കുന്ന കാലത്ത് സ്ഥിരം വൈകി സ്കൂളിൽ വരുന്ന ഒരു വിദ്യാർത്ഥിയെ ക്ലാസ്സ് ടീച്ചർ സാറിന്റെ അടുക്കൽ എത്തിച്ചു. പല പ്രാവശ്യം ഉപദേശിച്ചിട്ടും പല ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടും അവൻ താമസിച്ചു തന്നെയാണ് സ്കൂളിൽ വന്നുകൊണ്ടിരുന്നത്. പലപ്പോഴും ശിക്ഷണ നടപടിയുടെ ഭാഗമായി ഓഫീസിന്റെ പുറത്ത് നിർത്തിയിട്ടുണ്ട്. എന്നിട്ടും അവന്റെ താമസിച്ചുള്ള വരവിന് ഒരു വ്യത്യാസവുമില്ലാതെ തുടർന്നു. ഒരിക്കൽ സൺഡേ സ്കൂൾ അധ്യാപക സെന്റർ മീറ്റിംഗിൽ പ്രസംഗിക്കുന്നതിന് അല്പം അകലെയുള്ള ഒരു പള്ളിയിൽ സാർ ക്ഷണിക്കപ്പെട്ടു. ബസ് സ്റ്റോപ്പിൽ ബസ് ഇറങ്ങി പള്ളിയിലേക്ക് ഇടവഴിയിലൂടെ നടക്കുമ്പോൾ "സാറേ" എന്നുള്ള വിളി കാതുകളിൽ മുഴങ്ങി. തിരിഞ്ഞുനോക്കിയപ്പോൾ എന്നും സ്കൂളിൽ താമസിച്ചുവരുന്ന ആ കുട്ടി വെള്ളം നിറച്ച കലം തലയിൽ ചുമന്നുകൊണ്ടുവരുന്നു. "ഓ താനിത്രയും ദൂരത്തു നിന്നാണോ സ്കൂളിൽ വരുന്നത്?" "അതേ സാർ, സാർ പഠിപ്പിക്കുന്ന സ്കൂളിൽ തന്നെ പഠിക്കണം എന്ന് എന്റെ അമ്മയുടെ നിർബന്ധം ആണ്. സാറെ, സമയമുണ്ടെങ്കിൽ എന്റെ വീട്ടിൽ ഒന്നു വരാമോ". താൻ എത്ര ശിക്ഷിച്ചിട്ടും തന്നോട് ഒരു പകയും ഇല്ലാതെ സ്നേഹത്തോടെ തന്നെ വീട്ടിലേക്ക് ക്ഷണിക്കുന്ന തന്റെ ശിഷ്യന്റെ നിർബന്ധത്തിനു മുമ്പിൽ സാർ ആ വീട്ടിൽ പോകാൻ തയ്യാറായി. വഴിയരികിൽ പുറമ്പോക്കിൽ കെട്ടിയിരിക്കുന്ന ഒരു ചെറ്റക്കുടിൽ. വീട് എന്ന് പറയാൻ ഇല്ലാത്ത, ചാക്കുകൾ കൊണ്ട് മറച്ചിരിക്കുന്ന കുടിൽ.

"അമ്മേ, ഞങ്ങളുടെ സാറു വന്നു". സാറേ അകത്തോട്ടൊന്നു കയറാമോ എന്നു അമ്മ ചോദിച്ചു. അകത്ത് ഇരുണ്ട മുറിയിൽ കട്ടിലിൽ തളർന്നു കിടക്കുന്ന അമ്മ. "സാറേ, എനിക്ക് ഇവൻ മാത്രമേ ഉള്ളൂ. അവന്റെ അച്ഛൻ മരിച്ചുപോയി. എഴുന്നേറ്റു നടക്കാൻ വയ്യാത്ത എന്നെ അവനാണ് ശുശ്രൂഷിക്കുന്നത്. വെളുപ്പിനെ ഉണർന്ന് 100 വീടുകളിൽ പത്രം വിതരണം ചെയ്ത് എന്റെ കാര്യങ്ങൾ എല്ലാം നോക്കിയിട്ടാണ് അവൻ സ്കൂളിൽ വരുന്നത്. അതാ സാറെ അവൻ താമസിക്കുന്നത്. ക്ഷമിക്കണേ സാർ". സാർ സ്തംഭിച്ചു നിന്നു. വിദ്യാർത്ഥികളുടെ പശ്ചാത്തലം മനസ്സിലാക്കാതെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്ന വിഡ്ഢിത്തമോർത്ത്.

ഒരു വിദ്യാർത്ഥിയെ പഠിപ്പിക്കണമെങ്കിൽ ആ വിഷയം അറിഞ്ഞാൽ പോരാ, വിദ്യാർത്ഥിയെ അറിയണം എന്ന തത്വം ഞങ്ങളെ പഠിപ്പിക്കുവാൻ ഒരു അധ്യാപക മീറ്റിംഗിൽ സാർ പറഞ്ഞതാണ് ഇത്. എന്റെ സുദീർഘമായ അധ്യാപനകാലത്ത് ഈ സംഭവം ഓർത്താണ് ഞാൻ പ്രവർത്തിച്ചത്. ആയിരക്കണക്കിന് വിദ്യാർത്ഥികളെ അഭ്യസിപ്പിക്കുവാൻ എനിക്കു സാധിച്ചു. അവരെ എല്ലാം ഓർത്ത് ഞാൻ എന്നും പ്രാർത്ഥിക്കും.

**അടുത്തലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ കവിതകൾ, പരസ്യങ്ങൾ, കാര്യപരിപാടികൾ, വ്യക്തിഗതനേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മറ്റിയുടെ അനുമതിക്കു വിധേയമായി അവ പ്രസിദ്ധീകരിക്കുന്നതായിരിക്കും.**

**2021 ആഗസ്റ്റ് 20 നു മുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം.**

2021 ഒക്ടോബർ – ഡിസംബർ

വിഷയം: **അതിജീവനത്തിന്റെ അരുളപ്പാടുകൾ**

കൂടുതൽ വിവരങ്ങൾക്ക്

**റവ. ജോൺ മാത്യു (8281211502) എഡിറ്റർ**


**ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ – 691 523**

E-mail: hermondoothan@gmail.com, johnmathewachen@yahoo.co.in

# സ്ത്രീകളുടെ ദൗത്യം:
## സംഘർഷങ്ങളും സാധ്യതകളും




**വൽസ സ്കറിയ**
അൽ ഐൻ മാർത്തോമ്മ ചർച്ച്

സഭയുടെയും സമൂഹത്തിന്റെയും പുരോഗമനത്തിലും പരിപോഷണത്തിലും സ്ത്രീകളുടെ ശുശ്രൂഷ പ്രാധാന്യം അർഹിക്കുന്നു. ആദിമസഭയ്ക്ക് പീഡനങ്ങളെയും വേദവിപരീതോപദേശങ്ങളെയും അഭിമുഖീകരിക്കേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ സാക്ഷ്യം ഉള്ള സമൂഹമായി നിലനിൽക്കുന്നതിൽ സ്ത്രീകളുടെ ഉൾക്കാഴ്ചയും ഉത്തരവാദിത്തവും വിലമതിക്കത്തക്കതാണ്. സാക്ഷ്യനിർവ്വഹണ ശുശ്രൂഷകളിൽ ക്രിസ്തുവിന്റെ മുന്നണി പോരാളികളായി അവൻ നിലകൊണ്ട ചരിത്രം ആദിമസഭാ ചരിത്രം വിവരിയ്ക്കുന്നു.

### ദുരന്തത്തിന്റെ മുഖങ്ങളും പ്രത്യാശയുടെ കിരണങ്ങളും

ഇന്ന് ലോകം കടന്നുപോകുന്നത് വലിയ ഒരു പ്രതിസന്ധിയിലൂടെയാണ്. കോവിഡ് 19 എന്ന മഹാമാരി ഒരു ദേശത്തെയോ ഒരു രാജ്യത്തെയോ അല്ല, ലോകത്തെ മുഴുവൻ പിടിച്ചുലച്ചിരിക്കുന്നു. മനുഷ്യൻ ഇന്ന് ബന്ധിക്കപ്പെട്ട അവസ്ഥയിലാണ്. ദൈവാലയങ്ങൾ അടയ്ക്കപ്പെട്ടിരിക്കുന്നതിനാൽ ആത്മീയമായി തളർന്ന അവസ്ഥയിൽ ആണ്. സാമൂഹിക ആഘോഷങ്ങളോ ആത്മീയ കൂടിവരവുകളോ സാധ്യമാകുന്നില്ല. സാമ്പത്തിക പ്രതിസന്ധികൾ രൂക്ഷമായതിനാൽ പല കുടുംബങ്ങളും ആത്മഹത്യയുടെ വരമ്പിലാണ്. മർക്കോസിന്റെ സുവിശേഷം 4–ാം അധ്യായത്തിൽ ശിഷ്യന്മാർ കൊടുങ്കാറ്റ് ഉണ്ടായപ്പോൾ പടകിൽ കിടന്ന യേശുവിനോട് ഞങ്ങൾ നശിക്കാൻ പോകുന്നു എന്ന് നിലവിളിക്കുന്നതായി

> “
> പ്രതിസന്ധികളിൽ തളരാനോ പ്രലോഭനന്നങ്ങളിൽ വീഴാനോ പ്രതികൂലങ്ങളിൽ പകച്ചു നിൽക്കുവാനോ ഉള്ളതല്ല ഈ ജീവിതം. സംഘർഷങ്ങളെ സധൈര്യം നേരിട്ട് വിശ്വാസത്തിന്റെ ചിറകുകളിൽ പറന്നുയരുവാൻ നമുക്ക് സാധിക്കണം.

കാണാം. കർത്താവ് കടലിനോട് പറഞ്ഞു: അടങ്ങുക ശാന്തമാകുക. ജീവിതത്തിൽ കാറ്റും കോളും വരുമ്പോൾ, ഈ കോവിഡ് 19 നമ്മെ വിളിക്കുന്നത് പ്രത്യാശയിലേക്കാണ്. ദൈവത്തിങ്കലേക്ക് അടുക്കുവാൻ ദൈവത്തിൽ നിന്ന് ശക്തിപ്രാപിപ്പാൻ, ഒന്ന് നിലവിളിച്ച് കരയുവാൻ ദൈവം തരുന്ന അവസരമാണ്.

നോഹയുടെ കാലത്ത് ജനം പാപത്തിന് അടിമകളായപ്പോൾ ഒരു പ്രളയത്തിലൂടെ ലോകത്തെ കഴുകി ശുദ്ധീകരിക്കുവാൻ വേണ്ടി നോഹയെയും കുടുംബത്തെയും മാത്രം പെട്ടകത്തിൽ ആക്കി ദൈവം വാതിൽ അടച്ചു. ദൈവം നോഹയോട് പറഞ്ഞു, ഈ ലോകത്തെ പുതുക്കി പണിയുവാൻ നീ എന്റെ കൈയ്യിലെ ഉപകരണമാകുക. കോവിഡ് മഹാമാരിക്കുശേഷം ദൈവം തരുന്നത് നല്ല ഒരു പുതിയ ലോകമായിരിക്കും. ദൈവത്തിനുവേണ്ടി ജീവിക്കുവാൻ നമ്മുടെ ബുദ്ധിയ്ക്കും ശക്തിക്കും കരങ്ങൾക്കും കാലുകൾക്കും സ്നേഹത്തിന്റെ ആർജ്ജവം വേണം. മഹാമാരിയിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളണം. അകലം പാലിക്കാത്ത തിന്മകളിൽ നിന്ന് അകലം പാലിക്കണം. നമ്മുടെ ശരീരം ദൈവത്തിന്റെ ആലയം ആണെന്നുള്ള ബോധ്യത്തോടെ ജഡിക ചിന്തകളിൽ നിന്നും പാപത്തിന്റെ ചായ്വുകളിൽ നിന്നും നമുക്ക് അകന്നു നിൽക്കാം. നമുക്ക് ദൈവത്തോടൊപ്പം ലോക്ഡൗൺ ആകാം. സമൂഹം കല്ലെറിയാൻ ശ്രമിച്ച മഗ്ദലനക്കാരത്തി മറിയയെ യേശു സ്നേഹത്തോടെ ചേർത്തുനിർത്തി. അവളുടെ പാപങ്ങൾക്ക് ബോധ്യം വരുത്തിയപ്പോൾ അവൾ ഏറ്റവും വിലയേറിയ സുഗന്ധതൈലംകൊണ്ട് അവനെ പൂശി കണ്ണുനീർകൊണ്ട് കാലുകൾ കഴുകിയ മറിയയെപ്പോലെ നമുക്കും ആ കാലുകൾ കണ്ണുനീർകൊണ്ട് കഴുകാം.

## ജീവന്റെ തുടുപ്പുകളായി മാറുന്ന മാലാഖമാർ

ഇന്ന് കോവിഡ് 19 പ്രതിരോധത്തിൽ ഏർപ്പെട്ടിരിക്കുന്ന ആതുരശുശ്രൂഷ ചെയ്യുന്ന സഹോദരീ സഹോദരന്മാർ വളരെയാണ്. തന്റെ ജീവനെയോ കുടുംബത്തെയോ ഓർക്കാതെ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് മറ്റുള്ളവർക്കുവേണ്ടി ത്യാഗം ചെയ്യുന്നവരാണ് അവർ. അവരുടെ പ്രവർത്തനങ്ങൾ സമൂഹം വില കൽപ്പിക്കാൻ ഒരു കോവിഡ് 19 വേണ്ടിവന്നു. അവരുടെ ശുശ്രൂഷകൾ ജീവന്റെ പ്രകാശം ആണെന്ന് നാം മറക്കരുത്. ഔഷധം ക്രിസ്തു തന്നെയാണ്. നിങ്ങളുടെ കരം സ്പർശിക്കുമ്പോൾ രോഗികൾ സുഖം പ്രാപിക്കുന്നത് ഔഷധ പിൻബലത്തോടെ മാത്രമല്ല, മറിച്ച് നിങ്ങളിൽ നിൽക്കുന്ന പ്രകാശം ആകുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനം തന്നെയാണെന്ന് പറയാം. രോഗികളുടെ മുമ്പിൽ സൗഖ്യമായും പാവപ്പെട്ടവന്റെ മുൻപിൽ സാന്നിധ്യം ആയും വിശക്കുന്നവന്റെ മുൻപിൽ അന്നം ആയും ക്രിസ്തുവിനെ വ്യത്യസ്തമായി അവതരിപ്പിക്കുന്നു എന്നത് നമ്മുടെ ഉത്തരവാദിത്തത്തിന്റെ തനിമയാണ്.

## സഭ – സമൂഹ കെട്ടുപണിയിൽ സ്ത്രീകളുടെ പങ്കാളിത്തം

വിശുദ്ധ വേദപുസ്തകവും സഭാചരിത്രവും പരിശോധിച്ചാൽ അനേകം സ്ത്രീകളെ ദൈവശുശ്രൂഷയ്ക്കും ദൈവരാജ്യത്തിന്റെ കെട്ടുപണിയ്ക്കും കുടുംബങ്ങളുടെ നന്മയ്ക്കും ആയി ഉപയോഗിച്ചിരിക്കുന്നത് കാണാം. പഴയനിയമത്തിൽ രാജകല്പനയെ വകവയ്ക്കാത്ത സൂതികർമ്മിണികളെവരെ ദൈവം എടുത്ത് ഉപയോഗിക്കുന്നുണ്ട്. മോശെ വളർന്നപ്പോൾ ലോകത്തിന്റെ തൽക്കാലഭോഗങ്ങളെക്കാൾ ദൈവജനത്തോടുകൂടി കഷ്ടം അനുഭവിക്കുന്നത് ആണ് നല്ലതെന്ന് തീരുമാനിച്ചു. അത് സാധ്യമായത് മോശെ കുഞ്ഞായിരിക്കുമ്പോൾ മോശെയുടെ അമ്മയായ ജോക്കേദേസ് പറഞ്ഞു കൊടുത്ത ദൈവബോധമാണ്. മോശയെ കിടത്തിയ പെട്ടകത്തിനുള്ളിൽ ആ അമ്മ പ്രാർത്ഥനയുടെയും കണ്ണുനീരിന്റെയും പശയും കീലും തേച്ചിരുന്നു. അതുകൊണ്ടാണ് തീരുമാനത്തിന്റെ സമയം ആയപ്പോൾ ഫറവോന്റെ മകളുടെ മകൻ എന്ന പദവിയെക്കാൾ തനിക്കുവേണ്ടി ദൈവം വച്ചിരിക്കുന്ന ആ പദവിയിലേക്ക് കാൽ എടുത്തു വയ്ക്കുവാൻ മോശെ തീരുമാനിച്ചത്.

## സ്ത്രീകൾ വീണ്ടെടുപ്പിന്റെ രക്ഷാകവചങ്ങൾ

പഴയനിയമത്തിൽ ദബോര എന്ന ന്യായാധിപയെ നാം കാണുന്നു. ദൈവപദ്ധതിയ്ക്ക് തന്നെ തന്നെ അവൾ ഏൽപ്പിച്ചപ്പോൾ യുദ്ധത്തിന് നേതൃത്വം നൽകാനായി ദൈവം ഉപയോഗിക്കുന്നതായി കാണുന്നു. അതുപോലെ ഒരു പാവപ്പെട്ട യെഹൂദപെൺകുട്ടിയായിരുന്ന എസ്ഥേറിനെ ഒരു ജനതയുടെ വീണ്ടെടുപ്പിനായി ദൈവം തിരഞ്ഞെടുക്കുന്നു. താൻ നശിച്ചാലും തന്റെ ജനത്തെ വീണ്ടെടുക്കണമെന്ന തീരുമാനത്തിൽ രാജാവിന്റെ കല്പന വകവയ്ക്കാതെ ധൈര്യത്തോടെ പോകുവാൻ അവൾ തീരുമാനമെടുക്കുന്നു. യേശുവിന്റെ ശുശ്രൂഷയുടെ പ്രാരംഭയിടമായ ഗലീല മുതൽ ക്രൂശീകരണ സ്ഥലമായ യെരുശലേം വരെ അനുഗമിച്ച സ്ത്രീകളെക്കുറിച്ച് മർക്കൊസിന്റെ സുവിശേഷത്തിൽ അനുസ്മരിക്കുന്നുണ്ട്. സ്വയം സഹനത്തിന്റെ അവസ്ഥയിൽ സദാസമയം ആയിരിക്കുന്ന സ്ത്രീകൾക്ക് മറ്റുള്ളവരുടെ വ്യഥകൾ തിരിച്ചറിയാൻ കഴിയുന്ന അകക്കണ്ണുണ്ട്. അതുകൊണ്ട് പുരുഷശിഷ്യന്മാർ നിസ്സ

ഹായരായപ്പോൾ എത്രയോ മെച്ചമായ വിധത്തിൽ യേശുവിന്റെ കഷ്ടാനുഭവങ്ങളുടെ തീവ്രത ഉൾക്കൊണ്ട് ക്രിയാത്മകമായി പ്രവർത്തിക്കുവാൻ സ്ത്രീകൾക്ക് കഴിഞ്ഞു. യേശുക്രിസ്തു ദൈവരാജ്യ ശുശ്രൂഷയിൽ സ്ത്രീകളെ ഉൾപ്പെടുത്തിയിരുന്നു. പൗലോസിന്റെ കാലത്തും അനേകം സ്ത്രീകൾ അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അതിലുപരി കുടുംബത്തിന്റെ കെട്ടുപണിക്കായി സ്ത്രീകൾ പ്രയത്നിക്കുന്നു.

## സ്ത്രീകളും ചരിത്രനിർമ്മിതിയും

ഒരു വിധവയായ സ്ത്രീ തന്റെ വിധിയെ ശപിച്ചുകൊണ്ട് ഒതുങ്ങിക്കൂടാതെ, മറ്റുള്ളവരെ കൂട്ടിക്കൊണ്ട് ഒരു കൊച്ചു മെഴുകുതിരിയായി കത്തി ശോഭിക്കുവാൻ തങ്ങളെത്തന്നെ ഏല്പിച്ചു കൊടുത്തപ്പോൾ, യേശുവിന്റെ സ്നേഹം മറ്റുള്ളവരിലേക്കു പകർന്നു കൊടുക്കാൻ കാണ്ഡമ്മ കൊച്ചമ്മയും തീരുമാനിച്ചപ്പോൾ സേവികാസംഘം രൂപീകൃതമായി. ഒരുമനപ്പെട്ട് ഐക്യദാർഢ്യത്തോടെ പ്രവർത്തിക്കുന്ന സ്ത്രീകൾ സഭയിൽ എഴുന്നേൽക്കാൻ ഇടയാകണം. ശിഷ്യത്വത്തിന്റെ സഹനപാതയിൽ സഞ്ചരിക്കാൻ സ്വയം സന്നദ്ധരാകുന്നവർക്കേ, ക്രിസ്തുവിൽ ആരംഭിച്ച വിമോചന പ്രവർത്തനങ്ങൾക്ക് പങ്കുചേരാൻ കഴിയൂ എന്ന തിരിച്ചറിവ് ഉണ്ടാകണം. സ്ത്രീകളുടെ ഹൃദയവും മനസ്സും യാക്കോബിന്റെ കിണറിനേക്കാൾ ആഴമുള്ളതാണ് എന്ന ബോധ്യം ഓരോ സ്ത്രീയിലും വളരണം. ദുർബലയെന്നുള്ള അപകർഷബോധത്തിന്റെ ആന്തരിക ചരടുകളെ അറുത്തുകളഞ്ഞ് ഒരു പുതിയ സ്ത്രീ ദർശനം നമ്മിൽ രൂപപ്പെടണം. ഇന്ന് സഭയ്ക്കുള്ളിലും, സമൂഹത്തിലും നടക്കുന്ന വിവിധ പ്രവർത്തനങ്ങളിൽ പങ്കുചേരാൻ സ്ത്രീകൾക്ക് സാധ്യമാകുന്നത് അവളുടെ മനോഭാവത്തിൽ വന്ന മാറ്റത്തിന്റെ ഫലമാണ്. സമർപ്പണത്തിന്റെയും വിനയത്തിന്റെയും ആൾരൂപമായ പരിശുദ്ധ കന്യകമറിയം, ഗബ്രിയേൽ ദൂതന്റെ അറിയിപ്പിനു മുമ്പിൽ, സമൂഹത്തിന്റെ വെല്ലുവിളികളെ വകവയ്ക്കാതെ "ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ ഇഷ്ടംപോലെ ഭവിക്കട്ടെ" എന്ന് പറഞ്ഞ് സ്വയം സമർപ്പിച്ചതുമൂലം ദൈവത്തിന്റെ രക്ഷണ്യ പ്രവർത്തനത്തിന്റെ വാതിൽ തുറന്നത്.

## വെല്ലുവിളിയും കുരിശിന്റെ ദർശനവും

വി.പൗലൊസ് ദൗത്യവഴികളിലെ കഷ്ടതകൾ സ്വയം ഏറ്റെടുക്കുന്നത് യഥാർത്ഥ സന്തോഷത്തിന്റെ ഉറവിടമായി ദർശിച്ചു. അതുകൊണ്ടാണ് പൗലൊസ് ചങ്ങല ധരിച്ചും സുവിശേഷത്തിന്റെ പ്രചാരകനായത്. യേശു തന്റെ പരസ്യശുശ്രൂഷയിൽ ക്രൂശ് മുന്നിൽ കണ്ട് ആ മാർഗ്ഗത്തിൽ സഞ്ചരിച്ചു. നിർമ്മലമായ സുവിശേഷത്തിന്റെ വക്താക്കൾ എന്ന നിലയിൽ നമുക്കും ദൗത്യനിർവ്വഹണത്തിൽ ക്രൂശിന്റെ പാതയിൽ ചരിക്കാൻ സാധിക്കണം. അതിന് ശക്തി തരുന്നത് ദൈവവചനമാണ്. ക്രിസ്തീയ ജീവിതത്തിൽ കഷ്ടതകളും നിന്ദയും, മരണകരമായ അവസ്ഥകൾ ഉണ്ടാകും. എന്നാൽ വിശ്വസ്തനായ ദൈവം നമ്മെ കഷ്ടതകളെ വെല്ലുവിളിയായി ഏറ്റെടുക്കാൻ സഹായിക്കും. ദൈവസൃഷ്ടി എന്ന നിലയിൽ നമ്മുടെ പ്രവൃത്തികൊണ്ടോ, നമ്മുടെ വാക്കുകൊണ്ടോ മറ്റുള്ളവർക്ക് ദൈവത്തെ കൊടുക്കാൻ സാധിച്ചിട്ടുണ്ടോ? നമ്മുടെ കുടുംബത്തിൽ തന്നെ മാതൃകയാകാൻ സാധിച്ചിട്ടുണ്ടോ? എന്നു വിലയിരുത്തണം.

സമൂഹത്തിൽ ഇനിയും സ്ത്രീകളെ മാറ്റിനിർത്തി ഒരു പുരോഗമനം സാധ്യമല്ല. വെല്ലുവിളികൾ വിമർശനങ്ങൾ, കഷ്ടപ്പാടുകൾ ഇവയെ ധൈര്യത്തോടെ ശാന്തമായി ഏറ്റെടുക്കണം. നിത്യതയിലേക്കുള്ള പ്രയാണത്തിൽ ദൈവത്തോടുള്ള യാത്രയിൽ ഇടനാഴിയിൽ എന്തെങ്കിലുമൊക്കെ ചെയ്യാൻ സാധിക്കണം. പ്രതിസന്ധികളിൽ തളരുന്നതോ, പ്രലോഭനങ്ങളിൽ വീഴുവാനോ, പ്രതികൂലങ്ങളിൽ പകച്ചു നിൽക്കുവാനോ പോരാട്ടങ്ങളിൽ തകർന്നു പോകാനോ ഉള്ളതല്ല ഈ ജീവിതം. സംഘർഷങ്ങളെ സധൈര്യം നേരിട്ട് വിശ്വാസത്തിന്റെ ചിറകുകളിൽ പറന്നുയരുവാൻ നമുക്ക് സാധിക്കണം. അപ്പോഴാണ് സംഘർഷങ്ങൾ സാധ്യതകളായി പരിണമിക്കുന്നത്.

### കളഞ്ഞു പോയ നാണയം

ഒരു നാണയം പോയതിന് ഒരു ദിവസം മുഴുവൻ ആ സ്ത്രീ തിരഞ്ഞതെന്തിനാകണം? ആ നാണയം വൈകാരികമായി പ്രാധാന്യമുള്ളയൊന്നാണവൾക്ക്. യഹൂദവധു തന്റെ വിവാഹവേളയിൽ പത്തു നാണയങ്ങൾ കോർത്തെടുത്ത ഒരു ആഭരണം ശിരസ്സിലണിഞ്ഞിരുന്നു. ആ ദിവസത്തിന്റെ ഓർമ്മയ്ക്കു വേണ്ടി അവളതെന്നും സൂക്ഷിച്ചിരുന്നു. അതുകൊണ്ടു തന്നെ ഒരു വിവാഹമോതിരമോ, താലിയോ കളഞ്ഞുപോകുമ്പോൾ നമ്മുടെ നാട്ടിലൊരു സ്ത്രീ അനുഭവിക്കുന്ന ആധിയും വ്യാകുലതയും അവളും അനുഭവിക്കാതെ തരമില്ല. കണ്ടെത്തിയേ പറ്റൂ.!

ധ്യാനം





റവ. മാത്യു പി.
ഭരണിക്കാവ് നോർത്ത്

# വാർദ്ധക്യം:
## ചക്രവാളത്തിലേക്കിറങ്ങുന്ന സുന്ദര സൂര്യമുഖം

“

അവരുടെ ഉത്തരവാദിത്തങ്ങൾ അവർ തന്നെ ചെയ്യുവാൻ സഹായകരമായ നിലപാടുകൾ എടുക്കണം. അതിനായി, വിട്ടു കൊടുക്കുക, ഒഴിഞ്ഞുമാറുക, സഹായകരമാകുക, പ്രോത്സാഹനമാകുക, തുടങ്ങിയ സമീപനങ്ങൾ സ്വീകരിക്കണം.

പൊതുവെ എല്ലാവർക്കും ദീർഘായുസ്സ് ആഗ്രഹമാണ്. എന്നാൽ വാർദ്ധക്യത്തെ അതേ മനസ്സോടെ സ്വീകരിക്കുവാൻ സാധിക്കുന്നില്ല. ജീവിതത്തിന്റെ ഉത്തരവാദിത്തങ്ങളൊക്കെ പൂർത്തിയാക്കി എന്നു തോന്നുമ്പോൾ പല ഭക്തന്മാരുടെയും ഇക്കാലത്തെ പ്രാർത്ഥന, “ദൈവമേ, കഷ്ടപ്പെടുത്താതെ, മറ്റുള്ളവർക്ക് ഭാരമാകാതെ എന്നെ അങ്ങു വിളിക്കണമേ” എന്നാണ്. വാർദ്ധക്യം എന്ന യാഥാർത്ഥ്യത്തിനു മുമ്പിൽ പലരും പകച്ചുനിൽക്കുന്നു. എങ്ങനെയും ഒഴിവാക്കപ്പെടേണ്ട ഒരു അവസ്ഥയായി പലരും ഭയപ്പെടുന്നു. എന്നാൽ ബൈബിളിലെ വൃദ്ധജനം അങ്ങനെയാണോ അതിനെ കണ്ടത്? അസ്തമയ സൂര്യൻ ചുവന്നു തുടുത്ത് ചക്രവാളത്തിലേക്ക് ഇറങ്ങിത്താഴുന്ന മനോഹര കാഴ്ചയായി വാർദ്ധക്യത്തെ കാണുവാൻ കഴിയില്ലേ? അങ്ങനെ സാധിച്ചാൽ അത് സ്വജീവിത സാഫല്യവും മറ്റുള്ളവർക്ക് ജീവിതം സുന്ദരമാക്കുന്നതിന് പ്രചോദനമായും ഭവിക്കും.

ഇ.എറിക്സൺ എന്ന മനഃശാസ്ത്രജ്ഞൻ ജീവിതകാലചക്രത്തെ എട്ട് ഘട്ടങ്ങളായി തിരിച്ചിട്ടുണ്ട്. ഓരോ വ്യക്തിക്കും ജനനം മുതൽ ഓരോ ഘട്ടങ്ങളിലും സംഘർഷങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും കടന്നുപോകുന്നു. അവയിൽ നിന്ന് ഗുണപരമായതോ നിഷേധാത്മകമായതോ ആയ നിലപാടുകൾ സ്വീകരിക്കുന്നു. ഗുണപരമായ നിലപാടുകൾ സ്വീകരിച്ച് അടുത്ത ഘട്ടത്തിലേക്ക് പ്രവേശിച്ചാൽ, പക്വത നേടിയും സന്തോഷപ്രദമായും മുന്നോട്ടു പോകുവാൻ കഴിയും. അല്ലാത്തവർ മുരടിച്ച് സ്വയമായും മറ്റുള്ളവർക്കും ദോഷകരമായി തകർച്ചയിലെത്തും. ജീവിതത്തിന്റെ അവസാനഘട്ടമായ വാർദ്ധക്യത്തിലും പ്രതിസന്ധികളും സംഘർഷങ്ങളും ഉണ്ട്. അവയിൽ നിന്ന് ഗുണപരമായ അവസ്ഥയിലേക്ക് നീങ്ങുന്നവർക്ക് ജീവിതസാഫല്യവും സന്തോഷവും ലഭിക്കുന്നു. എറിക്സൺ അതിനെ ആത്മസമഗ്രത (Ego Integrity) എന്നു പറയുന്നു. അത് സുന്ദരമായ ജീവിതത്തിന്റെ

ആഘോഷമാണ്. അല്ലാത്തവർക്ക് നിരാശയും പിറുപിറുപ്പും (despair) ആണ്, ശൂന്യതയാണ്, കൂരിരുട്ടാണ്. ഈ ബോധ്യം നമ്മെ ജീവിതനിലപാടുകളിൽ മാറ്റം വരുത്തുന്നതിന് ഇടയാക്കണം.

### ബൈബിളിലെ ഒരു മാതൃക

ബൈബിളിലെ വാർദ്ധക്യത്തിലെത്തിയ ഒരു വ്യക്തിയെ നോക്കാം. അധികം ശ്രദ്ധിക്കപ്പെടാതെപോയ വ്യക്തിയാണ് കാലേബ്. കാലേബിന്റെ ചരിത്രം സംഖ്യാപുസ്തകം 13:30;14:24; യോശുവ 14:6-15; 15:13-19-ൽ കാണാം. കനാൻദേശം ഒറ്റുനോക്കുവാൻ പോയ 12 പ്രധാനികളിൽ 40 വയസ്സുകാരൻ; മറ്റുള്ളവർ ഭയ ചകിതരായി, പിന്മാറുവാൻ ഉപദേശിക്കുമ്പോൾ ധൈര്യം വിടാതെ വാഗ്ദത്തനാട് നേടുവാൻ ഒറ്റയ്ക്ക് നിൽക്കുന്ന കാലേബ്. യോശുവയും ഒപ്പം നിന്നു. യോശുവയോടൊപ്പം നിൽക്കുവാൻ, ഒരുപക്ഷേ അതിലുപരി പ്രാപ്തിയുണ്ടെങ്കിലും അധികാരശ്രേണിയിൽ മുമ്പിലെത്തിയില്ല. ഒരുപക്ഷേ ലഭിക്കേണ്ട നേട്ടങ്ങളും അംഗീകാരങ്ങളും കിട്ടിയില്ല എന്ന നിരാശയിൽ വാർദ്ധക്യകാലം പിറുപിറുപ്പിൽ കഴിയാമായിരുന്നു. റിട്ടയർമെന്റിനുശേഷം പലർക്കും പറ്റുന്നതുപോലെ. എന്നാൽ വളരെ ഗുണപരമായാണ് (പോസിറ്റീവ്) കാലേബ് ജീവിതത്തെ കാണുന്നത്. 85-ാം വയസ്സിൽ വാർദ്ധക്യമെങ്കിലും തന്റെ അവസ്ഥയെപ്പറ്റിയും സാധ്യതകളെപ്പറ്റിയും വ്യക്തതയുള്ള ആളായി നാം കാണുന്നു. കാലേബിന് തന്റെ അവസ്ഥ മനസ്സിലാക്കുവാനും ഉൾക്കൊണ്ടു പ്രവർത്തിക്കുവാനും കഴിയുന്നു. തന്റെ സാധ്യതകൾ ഉപയോഗിക്കുന്നു. ഇനിയും ഒരങ്കത്തിനുള്ള കായികശേഷിയുണ്ടെന്ന് കാണുന്നു. ദൈവം തുണയുണ്ട് എന്നും ബോധ്യമുണ്ട്. അതുകൊണ്ട് ഹെബ്രോൻമല അവകാശമാക്കുവാൻ സാധിക്കുന്നു. നമ്മുടെ കഴിവുകൾ, സാധ്യതകൾ, പരിമിതികൾ, പ്രശ്നങ്ങൾ എല്ലാം വ്യക്തമായി അറിയുകയും ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുവാൻ തയ്യാറാകുകയും വേണം (യോശുവ 14:10-12). എന്നാൽ തന്റെ സ്വന്ത ശക്തിപോരാ എന്നു തോന്നുമ്പോൾ മറ്റുള്ളവരുടെ സഹായം കൂടി സ്വീകരിക്കുവാൻ തയ്യാറാകുന്നു (യോശുവ 15:16). തുടർന്ന് തന്റെ മകൾക്ക് അവകാശം പകുത്തുകൊടുക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു (യോശുവ 15:18-19). ബാധ്യതകളും ഉത്തരവാദിത്തങ്ങളും ഇടപാടുകളും പൂർത്തീകരിച്ച് സ്വസ്ഥമാകുകയാണ്. അതിനു തക്കവണ്ണം മാനസികമായും തയ്യാറായി ഉത്തരവാദിത്തത്തോടും വിവേകത്തോടും മാറ്റങ്ങൾ സ്വീകരിക്കുവാൻ തയ്യാറാകുന്നു.

### വാർദ്ധക്യത്തെ മനസ്സിലാക്കുക, ഒരുങ്ങുക

വാർദ്ധക്യത്തിൽ ശരീരത്തിനും മറ്റും ഉണ്ടാകുന്ന മാറ്റങ്ങൾ എന്തെന്ന് മുൻകൂട്ടി മനസ്സിലാക്കുന്നത് നല്ലതാണ്. കായികശേഷിയും അതിന്റെ പ്രവർത്തനസ്വാതന്ത്ര്യവും കുറഞ്ഞുകൊണ്ടിരിക്കും. അസ്ഥികൾക്കും സന്ധികൾക്കും ബലം കുറയും, നാഡീവ്യൂഹത്തിനും പ്രത്യേകിച്ച് മസ്തിഷ്കത്തിനും ബലക്ഷയം സംഭവിക്കും. അത് മറ്റു പ്രശ്നങ്ങൾക്കും കാരണമാകും. ഓർമ്മക്കുറവ്, അൽഷിമേഴ്സ്, പാർക്കിൻസൺസ് തുടങ്ങിയ രോഗങ്ങൾ വലിയ പ്രശ്നകാരണമാകും. മിക്ക ഇന്ദ്രിയങ്ങൾക്കും പ്രശ്നങ്ങൾ ഉണ്ടാകാം. സംസാരം, വാക്കുകളുടെ ഉപയോഗം, കേൾവി, കാഴ്ച തുടങ്ങിയവയിലെ മാറ്റം സംവേദനത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കാം. മനസിനൊത്ത് ശരീരം ചലിക്കണമെന്നില്ല. ഉദ്ദേശിക്കാത്ത വാക്കുകളായിരിക്കാം പുറപ്പെടുന്നത്. സ്ഥലകാലബോധത്തിലും പ്രശ്നങ്ങൾ ഉണ്ടാകാം. ഇതൊക്കെ സ്വയമായും മറ്റുള്ളവരുമായുള്ള ബന്ധത്തിലും വലിയ പ്രശ്നങ്ങൾക്ക് കാരണമാകാം. കൂടാതെ വൈകാരികമായ പ്രശ്നങ്ങൾ ഉണ്ടാകാം. ഈ മാറ്റങ്ങളെപ്പറ്റി വ്യക്തമായ അവബോധം ഇല്ലെങ്കിൽ എങ്ങനെ കൈകാര്യം ചെയ്യണമെന്നറിയാതെ മറ്റുള്ളവരും കുഴയും. ഇതെല്ലാം നമ്മുടെ പെരുമാറ്റങ്ങളെയും ബന്ധങ്ങളെയും സ്വാസ്ഥ്യത്തെയും ബാധിക്കും. അതിനാൽ മുൻകൂട്ടിത്തന്നെ ഈ അവസ്ഥകളെപ്പറ്റിയുള്ള അവബോധം ഉണ്ടായി തയ്യാറെടുപ്പുകൾ നടത്തണം. മസ്തിഷ്ക കോശങ്ങൾ ബലഹീനമായിക്കഴിഞ്ഞ് സ്വയം മാറ്റം വരുത്തുവാൻ പ്രയാസമാണ്. അവസാനം വരെ കായികശേഷിയും തലച്ചോറിന്റെ ആരോഗ്യവും നിലനിൽക്കുമെന്ന് ചിന്തിക്കരുത്. വാർദ്ധക്യത്തിൽ തന്നെ പലർക്കും വ്യത്യസ്ഥ അനുഭവങ്ങളാണ്. ചിലർ പല ഘട്ടങ്ങളിലൂടെ കടന്നുപോകും. ആദ്യഘട്ടത്തിൽ കാര്യമായ ശേഷിക്കുറവ് കാണുകയില്ല. ഒട്ടുമിക്ക കാര്യങ്ങളിലും നന്നായി ഇടപെടുവാൻ കഴിയും. തുടർന്ന് ശേഷി കുറയുന്നതനുസരിച്ച് വീടും പരിസരങ്ങളുമായി പ്രവർത്തനമേഖല ചുരുങ്ങും. ഈ ഘട്ടം കഴിയുമ്പോൾ വീട്ടിനുള്ളിലോ, കിടക്കയിലോ, പരസഹായത്തോടെയോ മാത്രമുള്ള അവസ്ഥയിലാകാം. ഏത് അവസ്ഥയിലാണെങ്കിലും നന്മയിൽ നിറഞ്ഞ് സ്വയമായും മറ്റുള്ളവർക്കും അനുഗ്രഹപ്രദമാകണം. ഏതവസ്ഥ ആയിരുന്നാലും മുൻകൂട്ടി ഒരുങ്ങി ദൈവത്തിൽ അർപ്പിച്ച് സർഗ്ഗചിത്തതയോടെ ഉചിതമായ ക്രമീകരണങ്ങൾക്ക് തയ്യാറാകണം.

### പ്രായോഗിക ചിന്തകൾ

ഉദ്യോഗസ്ഥർ, വിരമിച്ചശേഷം എന്തുചെയ്യും എന്ന പ്രശ്നത്തിൽ ആകുന്നവരുണ്ട്. തങ്ങളുടെ കഴിവനുസരിച്ച് സമയം വിനിയോഗിക്കുവാൻ പരിപാടികൾ തയ്യാറാക്കുന്നത് നല്ലതാണ്. വിശാലമായ ലോകത്തിലേക്കിറങ്ങി ദൈവത്തിന്റെ സൃഷ്ടിയുടെ മനോഹാ

രിതയും, വൈവിധ്യങ്ങളും കാണുവാനും ബന്ധുക്കളെയും സുഹൃത്തുക്കളെയും സന്ദർശിക്കുവാനും കഴിയും. കൂടാതെ മറ്റുള്ളവരുടെ വേദനകളും പ്രതിസന്ധികളും മനസ്സിലാക്കി ക്രിയാത്മകമായി പ്രവർത്തിക്കുവാൻ ഇനിയും ശ്രദ്ധിക്കാം. നമ്മുടെ സമ്പത്ത് അത്യാവശ്യമില്ലാത്ത തലമുറകൾക്കായി സൂക്ഷിച്ചു വയ്ക്കാതെ അത്യാവശ്യത്തിലിരിക്കുന്ന ദരിദ്രർക്ക് ഉപകാരപ്രദമാക്കാം. മെച്ചപ്പെട്ട സാമ്പത്തികസ്ഥിതിയും പെൻഷനും ഉള്ളവർ ഈ ഘട്ടത്തിലെങ്കിലും ചിലരുടെ ജീവിതങ്ങൾ കെട്ടിപ്പടുക്കുന്നതിനും മറ്റു വൃദ്ധരെയും യുവാക്കളെയും കുഞ്ഞുങ്ങളെയും കരുതുന്നതിനും ശ്രദ്ധിക്കാം. ലഭിച്ചിരിക്കുന്ന സമയം, അനുഭവസമ്പത്ത്, പ്രവീണ്യങ്ങൾ തുടങ്ങിയവ എപ്രകാരം ക്രിയാത്മകമായി സമൂഹത്തിന് പ്രയോജനപ്പെടുത്താമെന്ന് ഒറ്റക്കും കൂട്ടായും ചിന്തിച്ച് കർമ്മപരിപാടികൾ ആവിഷ്കരിക്കാം. പരസ്പരം കൂട്ടായ്മ നൽകുന്നതിനും അത് ഉല്ലാസപ്രദമാക്കുന്നതിനും ശ്രദ്ധിക്കാം. യുവാക്കളോട് വിമർശനപരമായും അകൽച്ചയോടെയും ഇടപെടുന്നതിനു പകരം അവർക്ക് മുന്നോട്ടുപോകുവാൻ അവരെ അംഗീകരിച്ചു പ്രോത്സാഹനം നൽകാം. മക്കൾ കുടുംബസ്ഥരായിക്കഴിയുമ്പോൾ അവരുടെ കുടുംബം വളരുവാൻ വാർദ്ധക്യത്തിലേക്കു കയറിയ മാതാപിതാക്കൾ എന്തു ചെയ്യണം എന്ന് ഗുണപരമായി ചിന്തിക്കണം. അവരുടെമേലുള്ള നിയന്ത്രണം ഉപേക്ഷിച്ച് അവർ സ്വതന്ത്രകുടുംബമായി വളരുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കണം. അവരുടെ ഉത്തരവാദിത്തങ്ങൾ അവർ തന്നെ ചെയ്യുവാൻ സഹായകരമായ നിലപാടുകൾ എടുക്കണം. അതിനായി, വിട്ടുകൊടുക്കുക, ഒഴിഞ്ഞുമാറുക, സഹായകരമാകുക, പ്രോത്സാഹനമാകുക, തുടങ്ങിയ സമീപനങ്ങൾ സ്വീകരിക്കണം. മക്കളെ ഏല്പിക്കേണ്ടവ വിവേകത്തോടെയും സന്തോഷത്തോടെയും ഏല്പിക്കുകയും ചെയ്തുതീർക്കുവാനുള്ള കാര്യങ്ങൾ ബാധ്യതകൾ ഒക്കെ പൂർത്തിയാക്കുകയും വേണം.

ആരോഗ്യം കുറയുന്നതനുസരിച്ച് വീട്ടിലെ ഭൗതിക ക്രമീകരണങ്ങൾക്ക് മാറ്റങ്ങൾ വരുത്തുന്നത് നല്ലതാണ്. നിലവിലുള്ളതു പലതും അസൗകര്യങ്ങളുമായി മാറാം. പുതിയ സാഹചര്യങ്ങളോടു പൊരുത്തപ്പെടണം. സ്വന്ത വീട്ടിൽ താമസിക്കുമ്പോൾ ശുശ്രൂഷിക്കുവാൻ മക്കളില്ല എന്ന യാഥാർത്ഥ്യം പലർക്കും സങ്കടകരമാണ്. സഹായികളെ ലഭിച്ചാൽ അവരോടുള്ള മനോഭാവം, പെരുമാറ്റം ഇവ നന്മയും സ്നേഹവും നിറഞ്ഞതാകണം. ഈ ഘട്ടത്തിൽ അവരാണല്ലോ പ്രായോഗികമായി മക്കളായി ഭവിക്കുന്നത്. നല്ല അയൽബന്ധങ്ങൾ ഉണ്ടാകുന്നത് വാർദ്ധക്യത്തിൽ സഹായകരമാകും. എന്നാൽ മതിൽസംസ്കാരം അതിനു തടസ്സമാണ്. അയൽക്കാർക്ക് പ്രായഭേദമെന്യേ സ്നേഹം കൊടുത്താൽ അവിടുത്തെ ചെറുപ്പക്കാരിൽ നിന്നുപോലും നല്ല കരുതൽ കിട്ടാൻ സാധിക്കും. വിദൂരതയിൽ സമ്പാദിക്കുകയും, മരണസമയത്ത് യാത്രയയയ്ക്കുവാനും ബാക്കി സമ്പാദ്യങ്ങൾ അവിടേക്ക് കൊണ്ടുപോകുവാൻ വരികയും ചെയ്യുന്ന മക്കൾക്കായി സമ്പത്തു സൂക്ഷിച്ചുവെയ്ക്കണമോ? അത് വാർദ്ധക്യത്തിൽ ജീവിക്കുവാനും ഉതകട്ടെ.

ആവശ്യം വരുമ്പോൾ ചിലർ ഹോം നേഴ്സിനെ ഏർപ്പാടു ചെയ്യുന്നു. എന്നാൽ അതു പലർക്കും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ചിലരെങ്കിലും സ്വന്ത തീരുമാനത്താലും അല്ലാതെയും വൃദ്ധരെ ശുശ്രൂഷിക്കുന്ന സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. ഏതായിരുന്നാലും അത്തരം സാഹചര്യങ്ങളോടു പൊരുത്തപ്പെടുവാനും ശുശ്രൂഷിക്കുന്നവരെ സ്നേഹിക്കുവാനും എല്ലാവരോടും നന്മയിൽ ഇടപെടുവാനും കഴിയണം. അതിനും നല്ല മാനസിക ഒരുക്കം ആവശ്യമാണ്. ഈ ഘട്ടത്തിൽ എത്തിക്കഴിഞ്ഞിട്ട് പലർക്കും അതിനു കഴിയാതെ വരുന്നു. ഓരോ സാഹചര്യങ്ങളെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ എങ്ങനെ നേരിടണം എന്നതിന് മുൻകൂട്ടി തയ്യാറാകണം.

ചുരുക്കത്തിൽ രണ്ടു കാര്യങ്ങൾ അടിസ്ഥാനപരമാണ്. 1. Awareness of and readiness to accept new realities possibilities, and problems of oldage 2.readiness for new adjustments and adaptation as per need. കാലേബിന്റെ ചരിത്രം നമുക്ക് സഹായകരമാണ്. ദൈവത്തോട് അവൻ പറ്റിനിന്നു. എങ്ങോട്ട് പോകുന്നു - വാഗ്ദത്തനാട് - എന്ന വ്യക്തതയും വിശ്വാസവും പ്രത്യാശവും ഉണ്ടായിരുന്നു. അതാതുകാലത്തെ കഴിവനുസരിച്ച് പ്രവർത്തന നിരതനായിരുന്നു; നീതിയോടെ, പ്രായോഗികബുദ്ധിയോടെ, കുടുംബകാര്യങ്ങൾ ക്രമപ്പെടുത്തി മറ്റുള്ളവരെ ചുമതല ഏല്പിക്കുന്നു. ഇതിന് ശരിയായ ദൈവാശ്രയം ആവശ്യമാണ്. പലർക്കും അത് സ്വന്ത ഇഷ്ടങ്ങൾ ശാഠ്യപൂർവ്വം നിലനിർത്തുന്നതിനുള്ള ഒരു ന്യായീകരണമാണ്. ശരിയായ മാനസാന്തരം ആവശ്യം, മാറ്റങ്ങൾ വരുത്തുവാനുള്ള നന്മമനസ്സ്. മനസ്സിന് ആരോഗ്യവും ശാന്തതയും ഉള്ള അവസരത്തിൽ അതിനായി തീരുമാനിച്ച് ഒരുങ്ങി മറ്റുള്ളവർക്ക് അനുഗ്രഹകരമായ ചുവടുകൾ വച്ചുതുടങ്ങണം. ആർക്കും പ്രവർത്തിച്ചുകൂടാനാവാത്ത രാത്രിയിലല്ല. ജീവിതത്തെ അനുഗ്രഹമാക്കി രൂപാന്തരപ്പെടുത്തണം. അപ്പോൾ നമ്മുടെ സായംസന്ധ്യ ഭീതിപ്പെടുത്തുന്ന കൂരിരുട്ടിലേക്കിറങ്ങുന്ന അവസ്ഥ ആകുകയില്ല. പകരം അസ്തമയ സൂര്യന്റെ മനോഹര കാഴ്ചയും നിലാവുള്ള രാത്രിയും കടന്ന്, നീതിസൂര്യനെ കണ്ട് ഉണരുന്ന പുതിയ ജീവനിലേക്കുള്ള പ്രവേശനവും ആയിത്തീരും.

# കോവിഡ് കാല രോഗപ്രതിരോധവും ആരോഗ്യസംരക്ഷണവും



### രോഗലക്ഷണങ്ങൾ

പനി, വരണ്ട ചുമ, ശ്വാസതടസ്സം, മസിൽ പെയിൻ, തൊണ്ടവേദന, തലവേദന, മൂക്കൊലിപ്പ്, രുചിയില്ലായ്മ, വയറിളക്കം, ഹൃദയമിടിപ്പ് 120 ന് മുകളിലും ഓക്സിജൻ ലെവൽ 94ന് താഴെയുമെത്തുക. ഇവയിലേതെങ്കിലും ലക്ഷണങ്ങൾ ഉള്ളവർ ഹെൽത്ത് സെന്ററിൽ അറിയിക്കുകയും കോവിഡ് ടെസ്റ്റ് ചെയ്യേണ്ടതുമാണ്. രോഗിയായ ഒരാളിൽ നിന്നുള്ള ശരീര ശ്രവങ്ങൾ രണ്ട് മീറ്റർ ദൂരം വരെ സഞ്ചരിക്കുമ്പോൾ എയ്റോ സോളുകൾ വായുവിലൂടെ പത്ത് മീറ്റർ ദൂരത്തിൽ വരെ സഞ്ചരിക്കാൻ സാധ്യതയുണ്ട്. ആയതിനാൽ മാസ്ക് ശരിയായി ധരിക്കുകയും സോപ്പ് ലായനിയും സാനിറ്റൈസറും ഉപയോഗിച്ച് കൈകൾ കഴുകുകയും വേണം. യാത്രകൾ കുറയ്ക്കുകയും വാതിലുകളും ജനലുകളും തുറന്നിട്ട വായുസഞ്ചാരമുള്ള മുറിയിൽ ഇരിക്കുകയും ചെയ്യണം.

### വൈറസ് ബാധിതരായവർ

Vitamin C, D, Protein എന്നിവ അടങ്ങിയ സമീകൃതാഹാരം കഴിക്കുക. ഇലക്കറികളും പഴവർഗങ്ങളും ഭക്ഷണത്തിലുൾപ്പെടുത്തുക. മാനസിക പിരിമുറുക്കങ്ങൾ ഒഴിവാക്കുകയും നന്നായി ഉറങ്ങുകയും ചെയ്യണം. Blood Clot ഉണ്ടാകാതിരിക്കാൻ ചെറിയ വ്യായാമം ചെയ്യുന്നത് ഉചിതമാണ്. ജീവിതശൈലി രോഗങ്ങൾക്ക് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മരുന്നുകൾ ഡോക്ടറുടെ നിർദ്ദേശപ്രകാരം തുടർന്നും ഉപയോഗിക്കാവുന്നതാണ്. വൈറസ് ബാധയേറ്റ് 15 ദിവസത്തിനുശേഷം മറ്റൊരാളിലേക്ക് പകരുവാൻ ഉള്ള സാധ്യത കുറവാണ്.

### Post Covid Syndrome

3 - 4 മാസം വരെ തുടർന്നേക്കാം. തൊണ്ട ചൊറിച്ചിൽ, ക്ഷീണം, ഉറക്കക്കുറവ് മുടികൊഴിച്ചിൽ, അലർജി, Skin Disease എന്നിവ പലരിലും കണ്ടുവരുന്നുണ്ട്. ഹെൽത്ത് സെന്ററുകളിൽ പോസ്റ്റ് കോവിഡ് ചികിത്സകൾ ലഭ്യമാണ്. ശരീരത്തിന്റെ രോഗ പ്രതിരോധശേഷിയും ആരോഗ്യവും പൂർണമായും വീണ്ടെടുക്കുവാൻ കാലതാമസം നേരിടുന്നതിനാൽ രോഗവിമുക്തരായവർ രോഗപ്രതിരോധശേഷി വീണ്ടെടുക്കുന്ന ഭക്ഷണം കഴിക്കുകയും മാനസികവും ശാരീരികവുമായ Stress ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.




### വാക്സിനേഷൻ

രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനാൽ ഹെൽത്ത് സെന്ററുമായി ബന്ധപ്പെട്ടു വാക്സിനേഷൻ സ്വീകരിക്കണം. ശുചിത്വം, സാമൂഹിക അകലം, പ്രതിരോധം ഇവ ശീലിക്കാം. സോഷ്യൽ മീഡിയകളിൽ കാണുന്ന വീഡിയോകൾ കണ്ടു ചികിത്സകൾ നടത്തരുത്. തെറ്റായ ചികിത്സാ രീതികളും ഭയപ്പെടുത്തുന്ന സന്ദേശങ്ങളും പ്രചരിപ്പിക്കരുത്.

**ഭയമല്ല ജാഗ്രതയാണ് ആവശ്യം...**
**ഈ മഹാമാരിയെ നമുക്ക് ഒരുമിച്ചു അതിജീവിക്കാം...**

Contributed by: **Dr. Ajo Thomas Ezhamkulam, Dr. Blesset Alexander Enathu**

# തറയിൽകടവ് മിഷൻ: ഒരു അവലോകനം



റവ. സാമുവേൽ വർഗ്ഗീസ്
മിഷനറി

### ചരിത്ര പശ്ചാത്തലം

ഭാഗ്യസ്മരണീയനായ ഡോ. എബ്രഹാം മാർത്തോമ്മായുടെ പ്രോത്സാഹനത്തിൽ ആരംഭിച്ചു. കടൽത്തീര മിഷൻ സുവിശേഷ പ്രവർത്തന കേന്ദ്രങ്ങളാണ് തറയിൽകടവും പുതുപ്പള്ളിയും 1935-ൽ വനിതാ മന്ദിരത്തിൽ നിന്ന് മിസ് കെല്ലവേ മദാമ്മയുടെ നേതൃത്വത്തിൽ കായംകുളത്തിനു പടിഞ്ഞാറു ഭാഗത്തുള്ള വലിയഴിക്കൽ പ്രദേശം സന്ദർശിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. ഡോ. എബ്രഹാം മാർത്തോമ്മായുടെ പ്രോത്സാഹനത്തിൽ 1937 -ൽ 20 സെന്റ് സ്ഥലം വാങ്ങി മിഷൻവീടും തുടർന്ന് ചെറിയ ഹാളും തറയിൽക്കടവിൽ പണികഴിപ്പിച്ചു. 1956 ആയപ്പോഴേക്കും സുവിശേഷസംഘത്തിന്റെ ചുമതലയിൽ പ്രവർത്തനങ്ങൾ പുരോഗമിച്ചതിന്റെ ഫലമായി 7 കുടുംബങ്ങളും 39 അംഗങ്ങളും ഉണ്ടായി. 5 പൂർണ്ണസുവിശേഷകരെ ഈ സഭയിൽ നിന്നും സംഘത്തിന് ലഭ്യമായി. അടൂർ ഭദ്രാസനത്തിന്റെ ചുമതലയിൽ ഇടവകയായി അംഗീകരിക്കപ്പെട്ട് ശുശ്രൂഷകൾ തുടർന്നുവെങ്കിലും ഇടവകാംഗങ്ങളിൽ പലരും വിവിധ സ്ഥലങ്ങളിലേക്ക് കുടിയേറി പാർത്തതിനാൽ അംഗസംഖ്യ കുറഞ്ഞുവന്നു. 2004-ൽ സുനാമിയോടു ചേർന്നുണ്ടായ ദുരന്തത്തിൽ പള്ളിയും മിഷൻവീടും നഷ്ടപ്പെട്ടില്ല. എങ്കിലും സാരമായ കേടുപാടുകൾ ഉണ്ടായി കുറെക്കാലത്തേക്ക് ആരാധനയും പ്രവർത്തനങ്ങളും നിലച്ചുപോയെങ്കിലും, കായംകുളം സെന്റർ സന്നദ്ധസുവിശേഷകസംഘത്തിന്റെ ചുമതലയിൽ അഭി. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ തിരുമേനിയുടെ പ്രോത്സാഹനത്തിൽ വേണ്ട അറ്റകുറ്റപ്പണികൾ ചെയ്ത് ആരാധനയും പ്രവർത്തനങ്ങളും പുനരാരംഭിച്ചു. മിഷൻ ഭവനത്തിൽ താമസിക്കുന്നതിന് സുവിശേഷകനെയും നിയമിച്ചു.

സുനാമിയോടനുബന്ധിച്ച് കായംകുളം ശാലേം മാർത്തോമ്മാ ഇടവകയിൽ നിന്നും ശേഖരിച്ച തുക ഉപയോഗിച്ച് പള്ളിയുടെ മുൻഭാഗത്തുണ്ടായിരുന്ന 20 സെന്റ് സ്ഥലം വാങ്ങുന്നതിന് അന്നത്തെ ഭദ്രാസന എപ്പിസ്കോപ്പാ ആയിരുന്ന ഡോ.ജോസഫ് മാർ ഐറേനിയോസ് സഫ്രഗൻ മെത്രാപ്പൊലീത്താ വേണ്ട ക്രമീകരണം ചെയ്തു. 2004 ഡിസംബർ 24–ാം തീയതി ലോകമാകെയുള്ള തീരദേശത്തെ ബാധിച്ച സുനാമി വന്നതോടുകൂടി അവിടെ നമ്മുടെ പ്രവർത്തനം പൂർണ്ണമായി നിലച്ചുപോയി. ചില വർഷങ്ങൾ സുവിശേഷകനോ സഭയുടെ മറ്റ് യാതൊരു പ്രവർത്തനവും ഇല്ലാതെ അനാഥമായി കിടന്നു. പിന്നീട് 2012 കാലഘട്ടത്തിൽ അടൂർ ഭദ്രാസ അധ്യക്ഷനായിരുന്ന അഭി.ബർന്നബാസ് തിരുമേനിയുടെ താല്പര്യപ്രകാരം നിലച്ചുപോയ തറയിൽക്കടവ് പ്രവർത്തനം പുനരാരംഭിക്കുവാൻ നിർദ്ദേശിച്ചു. അതിന്റെ ഭാഗമായി അന്ന് കായംകുളം ശാലേം മാർത്തോമ്മാ ഇടവക വികാരിയായിരുന്ന റവ. പി.റ്റി.കോശി അച്ചന്റെയും കായംകുളം സെന്റർ സന്നദ്ധ സുവിശേഷകസംഘത്തിന്റെയും നേതൃത്വത്തിൽ തറയിക്കടവ് മിഷൻ ഹൗസും ചാപ്പലും വൃത്തിയാക്കി ഒരു സുവിശേഷകനെ അവിടെ താമസിപ്പിച്ചു. (ഇവാ. ഷെജു എം. ലൂക്കൊസ്). ആ കാലഘട്ടത്തിൽ കുഞ്ഞുങ്ങളുടെ ഇടയിൽ ചെറിയ രീതിയിൽ പ്രവർത്തനം ആരംഭിച്ചു. 2014 അവസാനം ആയപ്പോൾ ഈ പ്രവർത്തനങ്ങൾ വീണ്ടും മന്ദീഭവിച്ചു. എന്നാൽ 2014–ൽ ശാലേം ഇടവക വികാരിയായി വന്ന റവ. ജേക്കബ് മാത്യു അച്ചൻ വളരെ താല്പര്യത്തോടെ പ്രാദേശിക സുവിശേഷവേലയുടെ ഭാഗമായി തറയിൽക്കടവിലെയും പുതുപ്പള്ളിയിലെയും പ്രവർത്തനങ്ങൾ വീണ്ടും ആരംഭിച്ചു.

**വഴിത്തിരിവ്:** 2016 മാർച്ചുമാസം കായംകുളം സെന്റർ സുവിശേഷ സേവികാസംഘത്തിന്റെ മീറ്റിംഗ് പള്ളിക്കൽ സെന്റ് തോമസ് ഇടവകയിൽ വച്ച് നടത്തപ്പെട്ടു. ആ മീറ്റിംഗിൽ മുഖ്യസന്ദേശം നൽകിയ റവ.ഡോ. ജോൺ അച്ചൻ ലൂക്കൊസിന്റെ സുവിശേഷം 18:16 പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവീൻ; അവരെ തടുക്കരുത്, ദൈവരാജ്യം ഇങ്ങനെയയുള്ളവരുടേതാകുന്നു എന്ന വാക്യത്തെ ആസ്പദമാക്കി കുഞ്ഞുങ്ങളാണ് ഭാവിയുടെ വാഗ്ദാനം എന്നും അവരാണ് ദൈവരാജ്യത്തിന്റെ അവകാശികൾ എന്നും പ്രബോധിപ്പിച്ചു. മീറ്റിംഗിൽ പങ്കെടുത്ത ജേക്കബ് മാത്യു അച്ചൻ ഈ വചനം ഒരു വെല്ലുവിളിയായി നമ്മൾ ഏറ്റെടുക്കണം എന്നു കൂടിവന്നവരോട് ശക്തമായി പറഞ്ഞു. അതിന്റെ ഫലമായി പ്രവർത്തനം ഇല്ലാതെ കിടക്കുന്ന തറയിൽക്കടവ് മിഷൻ പുനരാരംഭിക്കണം എന്ന വെല്ലുവിളി ജേക്കബ് മാത്യു അച്ചൻ ഉയർത്തി. അതിന്റെ ഫലമായി കൂടിവന്ന അച്ചന്മാർ ഓരോ ഇടവകയിൽ നിന്നും 5000 രൂപ നൽകി. അങ്ങനെ 2016 ഏപ്രിൽ 1 മുതൽ അവധിക്കാല ട്യൂഷൻ ആരംഭിച്ചു. 5–ാം ക്ലാസ്സു മുതൽ 7–ാം ക്ലാസ്സു വരെയുള്ള കുഞ്ഞുങ്ങൾക്കായിരുന്നു. ആ ഘട്ടത്തിൽ ഏകദേശം 100 ഓളം കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു. ട്യൂഷൻ ആരംഭിച്ചതിന്റെ പിറ്റെ മാസം 2016 മെയ് 1–ാം തീയതി അഭിവന്ദ്യ എബ്രഹാം മാർ പൗലൊസ് തിരുമേനി അടൂർ ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുക്കുകയും ആദ്യ ആഴ്ച തറയിൽക്കടവ് മിഷൻ സന്ദർശിക്കുകയും ചെയ്തു. അവിടുത്തെ പ്രവർത്തനത്തിൽ തൃപ്തനായ തിരുമേനി കുഞ്ഞുങ്ങളുടെ ഭാവിക്കായി പ്രാർത്ഥനയും സഹകരണവും ഉറപ്പുനൽകി. അവധിക്കാലം തീർന്ന് സ്കൂൾ തുറന്നപ്പോൾ അവിടുത്തെ അധ്യാപകരുടെയും മാതാപിതാക്കളുടെയും താല്പര്യപ്രകാരം റെഗുലറായി ട്യൂഷൻ വേണമെന്ന് ആവശ്യപ്പെട്ടു. അതിനെ തുടർന്ന് 5–ാം ക്ലാസ്സ് മുതൽ 8 ക്ലാസ്സ് വരെയുള്ള കുഞ്ഞുങ്ങൾക്ക് 1.30 മുതൽ 6 വരെ ക്ലാസ്സുകൾ ആരംഭിച്ചു. എല്ലാ ദിവസവും കുഞ്ഞുങ്ങൾക്ക് ലഘുഭക്ഷണവും പാലും നൽകിവന്നിരുന്നു. ഈ പ്രവർത്തനങ്ങൾക്കെല്ലാം സുവിശേഷകൻ എം.ഒ.ജോർജ്ജ് മിഷൻ ഹൗസിൽ താമസിച്ച് നേതൃത്വം നൽകി.

### തറയിൽക്കടവ് മിഷൻ പ്രവർത്തനങ്ങൾ

1. **ദിവ്യബോധന ട്യൂഷൻ സെന്റർ:** നാലാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്കുള്ള ട്യൂഷൻ സെന്റർ ആണ് ദിവ്യബോധന ട്യൂഷൻ സെന്റർ. ഇപ്പോൾ 65 കുഞ്ഞുങ്ങൾ ഉണ്ട്.
2. **പ്ലേസ്കൂൾ:** 2 മുതൽ 4 വയസ്സുവരെയുള്ള കുട്ടികൾക്ക് രാവിലെ 10 മുതൽ വൈകിട്ട് 3 മണിവരെ സ്കൂൾ നടത്തപ്പെടുന്നു.
3. **കമ്പ്യൂട്ടർ ക്ലാസ്സ്**
4. **പി.എസ്.സി.കോച്ചിംഗ്**
5. **മിഷൻ ഹാൾ നിർമ്മാണം:** സെന്റ് ജെയിംസ് ഇടവക കുവൈറ്റ് സ്പോൺസർ ചെയ്ത് പണി പൂർത്തിയാക്കിയ മിഷൻ ഹാൾ കൂദാശ 2019 ഏപ്രിൽ 15–ാം തീയതി പൗലൊസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.
6. **മിഷൻ ഹൗസ് നിർമ്മാണം:** അൽ ഐൻ ഇടവക സ്പോൺസർ ചെയ്ത പണി പൂർത്തിയാക്കിയ മിഷൻ ഹൗസിന്റെ കൂദാശ 2019 ഫെബ്രുവരി 24–ാം തീയതി പൗലൊസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

7. **ദൈവാലയ നിർമ്മാണം:** 2021 നവംബർ 23-ാം തീയതി 22-ാം മാർത്തോമ്മാ മെത്രാപ്പൊലീത്തയായ തിയഡോഷ്യസ് തിരുമേനിയാണ് കൂദാശകർമ്മം നിർവ്വഹിച്ചത്. ദൈവാലയ നിർമ്മാണത്തിന് ഏകദേശം 31 ലക്ഷം രൂപ ചെലവായി.
8. **പുരയിട വികസനം:** കായലിനോട് ചേർന്ന് കാടുപിടിച്ചും അതിരുകൾ തിരിച്ചറിയാതെയും കിടന്നിരുന്നു. കാട് വൃത്തിയാക്കുകയും 10 ലക്ഷം രൂപയുടെ മണ്ണ് വസ്തുവിൽ ഇടുകയും, അതിരുകൾ വേർതിരിക്കുകയും, പള്ളിയും അതിന്റെ ഭാഗങ്ങളും മതിൽ നിർമ്മിച്ച് സുരക്ഷിതമാക്കുകയും ചെയ്തു.
9. **കുരിശു സ്ഥാപനം:** ദൈവാലയ പരിസരത്ത് രണ്ട് കുരിശുകൾ സ്ഥാപിക്കുകയുണ്ടായി. കായൽ തീരത്തോടുചേർന്ന് 15 അടി കൽക്കുരിശ് സ്ഥാപിക്കുകയുണ്ടായി. പഴയ ദൈവാലയത്തിന്റെ ഓർമ്മയ്ക്കായി ഒരു ചെറിയ കുരിശ് പുതിയ ദൈവാലയത്തിന്റെ മുൻപിൽ സ്ഥാപിച്ചു.
10. **പള്ളിമണി:** 2021 ഫെബ്രുവരി മാസം പള്ളിമണി സ്ഥാപിക്കുകയുണ്ടായി. രാവിലെയും വൈകിട്ടും ദേശനിവാസികളെ പ്രാർത്ഥനാനുഭവത്തിലേക്ക് നയിക്കുന്നതിന് ഇതിലൂടെ സാധിച്ചു.

## പുതുപള്ളി മാർത്തോമ്മാ മിഷൻ ചരിത്രം

പുതുപള്ളി മാർത്തോമ്മാ മിഷന്റെ ചരിത്രവും പുനരുദ്ധാരണത്തിന്റെയും പുനർജീവന്റെയും ഫലമായി ചെറിയ ഴീക്കൽ എന്ന സ്ഥലത്ത് ഡോ.റ്റി.കെ.വർഗ്ഗീസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടിരുന്ന ആശുപത്രിയുടെ ഒരു ശാഖ 1931-ൽ സേവികാസംഘം പ്രവർത്തകരുടെ നേതൃത്വത്തിൽ ഒരു വാടകവീട്ടിൽ പുതുപള്ളിയിൽ ആരംഭിച്ചു. 1948-ൽ സുവിശേഷസംഘം പ്രവർത്തനത്തിൽ പങ്കാളികളായി. 1957-ൽ ചാപ്പൽ നിർമ്മിച്ച് ആരാധന ആരംഭിച്ചു. 1961-ൽ സ്നാപനം സ്വീകരിച്ച് സഭയിൽ ചേർന്നവർ ഉൾപ്പെടെ 19 കുടുംബങ്ങളിലായി 112 അംഗങ്ങൾ ഉണ്ടായിരുന്നു. എന്നാൽ പല കാരണങ്ങളാൽ 1990 കാലഘട്ടത്തിനുശേഷം പുതുപള്ളി സെന്റ് മാർത്തോമ്മാ ഇടവക പിരിച്ചുവിടപ്പെടുകയും, ശേഷിച്ച കുടുംബങ്ങൾ കാലം മാർത്തോമ്മാ ഇടവകയിൽ ചേർക്കപ്പെടുകയും ചെയ്തു. അനേക വർഷങ്ങൾ താമസം ഇല്ലാതിരുന്ന മിഷൻ വീടും ആരാധന നിലച്ചുപോയ ദൈവാലയും ജീർണ്ണാവസ്ഥയിലായി.

**വഴിത്തിരിവ്:** 2014 ജൂൺ മാസം 15-ാം തീയതി പുതുപ്പള്ളി നിവാസികൾ കായംകുളം വികാരിയായ ജേക്കബ് മാത്യു അച്ചനെ സമീപിക്കുകയും, പുതുപ്പള്ളിയിലെ അവസ്ഥകളെക്കുറിച്ച് പരാതിപ്പെടുകയും ചെയ്തു. ഒന്നുകിൽ സ്ഥലം വിൽക്കുകയോ അല്ലെങ്കിൽ വൃത്തിയായി സൂക്ഷിക്കാനോ, ദേശനിവാസികൾ ആവശ്യപ്പെട്ടു. ഇതിനു കാരണം കാടുപിടിച്ച സ്ഥലത്ത് പാമ്പ് വർദ്ധിക്കുകയും നാട്ടുകാരെ കടിക്കുകയും ചെയ്തതാണ്. ഇതുകേട്ട അച്ചന് വിഷമമായി. 2014 ഓഗസ്റ്റ് മാസം അച്ചൻ മിഷൻ സന്ദർശിക്കുകയും ചെയ്തു. മിഷൻ സന്ദർശനത്തിൽ കണ്ട കാഴ്ചകൾ അച്ചനെ അതിലും വിഷമിപ്പിച്ചു. ത്രോണോസിൽ വട്ട കിളിച്ചു നിൽക്കുന്നത് അച്ചനെ വല്ലാതെ ഭാരപ്പെടുത്തി. പ്രാർത്ഥിച്ച് അവിടെനിന്ന് ഇറങ്ങാൻ തീരുമാനിച്ചു. എന്നാൽ പ്രാർത്ഥനയുടെ മധ്യത്തിലും ഒരു അനിഷ്ട സംഭവമുണ്ടായി. പ്രാർത്ഥിച്ചുകൊണ്ടു നിന്നിരുന്നവരുടെ മധ്യത്തിലേക്ക് ഒരു ഓട് പൊട്ടിവീണു. അച്ചൻ തിരിച്ച് കായംകുളം പള്ളിയിൽ ചെന്ന് ഞായറാഴ്ച ഏശയ്യാ പ്രവാചകന്റെ പുസ്തകം 58-ാം അധ്യായം 12-ാം വാക്യം എടുത്ത് നിന്റെ സന്തതി പുരാതന സ്ഥലങ്ങളെ പണിയും എന്ന വാക്യത്തെ ആസ്പദമാക്കി പ്രസംഗിച്ചു. ശുശ്രൂഷകൾക്കു ശേഷം ഒരു വ്യക്തി അച്ചനെ സമീപിക്കുകയും ദൈവാലയും മിഷൻ ഹൗസും പുതുക്കി പണിയുന്നതിന് സഹായം നൽകാം എന്ന് അറിയിച്ചു. ഇടവകാംഗമായ കളവേലിൽ ശ്രീ. എ.എം.ജോണും കുടുംബവുമാണ് 15 ലക്ഷം രൂപ നൽകി സഹായിച്ചത്. കായംകുളം ഇടവകയിൽ നിന്നും പണം ചിലവാക്കി മതിൽ കെട്ടി സുരക്ഷിതമാക്കുകയും ചെയ്തു. 2015 മെയ് മാസം 7-ാം തീയതി അഭി.ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ കൂദാശ നിർവ്വഹിക്കപ്പെട്ടു. പുതുപ്പള്ളി മിഷന്റെ വളർച്ചയ്ക്കായി ഒരു ഹാളും അതിനോടനുബന്ധിച്ച് ടോയ്ലെറ്റുകളും ആവശ്യമായിരുന്നു. ഇങ്ങനെ ആവശ്യത്തിലിരിക്കുമ്പോൾ ഒക്ടോബറിൽ ഹാൾ നിർമ്മാണത്തിനു സഹായിച്ചത് അടൂർ ലൈഫ് ലൈൻ പാപ്പച്ചൻ ഡോക്ടറും കുടുംബവുമാണ് ഈ ഹാൾ ഇന്ന് മിഷന്റെ ആവശ്യങ്ങൾക്കായും പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായും മറ്റു പല മീറ്റിംഗുകൾക്കായും ലാഭേച്ഛയില്ലാതെ നൽകിവരുന്നു. തുടർന്ന് കായംകുളം ഇടവകയുടെ സഹവികാരി റവ. സാമുവേൽ വർഗ്ഗീസ് അച്ചൻ മിഷൻ വീട്ടിൽ താമസിച്ച് ഇടവകയ്ക്കും മിഷൻ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിവരുന്നു.

1. **പ്രകാശധാര:** ഹൃദ്രോഗം, കാൻസർ, കിഡ്നി രോഗങ്ങൾ, മാനസികരോഗങ്ങൾ മുതലായവ ബാധിച്ച 35 കുടുംബങ്ങൾക്ക് പ്രകാശധാരവഴി സഹായം നൽകിക്കൊണ്ടിരുന്നു.
2. **പ്രകാശധാര തയ്യൽ സ്കൂൾ:** പരിചയസമ്പന്നയായ ഒരധ്യാപികയുടെ നേതൃത്വത്തിൽ 15 പേർ തയ്യൽ പരിശീലനം നടത്തി ഇപ്പോൾ 7 പേർ പഠനം തുടരുന്നു.

## മണിവേലിക്കടവ് മിഷൻ പ്രവർത്തന ചരിത്രം

2018 ജനുവരി മാസം അവസാന ആഴ്ചയിൽ നമ്മുടെ

ഇടവകാംഗമായ ക്ലീറ്റസ് പെട്ടെന്ന് മരണപ്പെട്ടു. മണിവേലിക്കടവിലാണ് അദ്ദേഹവും കുടുംബവും താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ മരണത്തോടനുബന്ധിച്ച് അവിടെ നമ്മുടെ പങ്കാളിത്തം കണ്ടു മനസ്സിലാക്കിയ ഹൈന്ദവ സഹോദരന്മാർക്ക് നമ്മുടെ മിഷനോട് സ്നേഹവും താൽപര്യവും കൂടി. ആ നാട്ടുകാർ നമ്മുടെ പ്രവർത്തനങ്ങൾ അവിടെ ആവശ്യമുണ്ടെന്ന് അറിയിച്ചു. 2019 മെയ് മാസം ഒരു വാടക കെട്ടിടത്തിൽ നമ്മുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഈ നാളുകളിൽ സ്വന്തമായി അവിടെ 18 സെന്റ് സ്ഥലം വാങ്ങുവാൻ കഴിഞ്ഞു. ഇനി ഒരു കെട്ടിടം നമ്മുടെ മിഷന്റെ വളർച്ചയ്ക്ക് വളരെ അനിവാര്യമാണ്.

1. **ട്യൂഷൻ സെന്റർ:** 4-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് ട്യൂഷൻ നൽകിവരുന്നു.
2. **തബീഥാ തയ്യൽ സ്കൂൾ:** പരിചയസമ്പന്നയായ ഒരധ്യാപികയുടെ നേതൃത്വത്തിൽ 20 സ്ത്രീകൾ തയ്യൽ പരിശീലനം നടത്തുന്നു. ഇതിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആനി ക്ലീറ്റസ്, മഞ്ജു എന്നിവർക്ക് തയ്യൽമെഷീൻ വാങ്ങി നൽകുകയുണ്ടായി.

### മിഷന്റെ മറ്റു പ്രവർത്തനങ്ങൾ

1. **ക്രിസ്തുമസ് ആഘോഷം:** പുതുപ്പള്ളി, തറയിൽക്കടവ് എന്നീ രണ്ടു മിഷൻ ഫീൽഡുകളിൽ ക്രിസ്തുമസ് ആഘോഷം വിപുലമായി നടത്തുന്നു. മണിവേലിക്കടവിലെ കുട്ടികൾ തറയിൽക്കടവിൽ വരികയും പ്രോഗ്രാമുകളിൽ സജീവമായി പങ്കെടുക്കുകയും ചെയ്തു.
2. **ഓണാഘോഷം:** 2019-ലെ ഓണം മൂന്ന് സെന്ററുകളിലും വിപുലമായി ആഘോഷിച്ചു. കുട്ടികളുടെ കലാകായിക മത്സരങ്ങൾ നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.
3. **വി.ബി.എസ്സ്:** പുതുപ്പള്ളി, തറയിൽക്കടവ് എന്നീ രണ്ടു മിഷൻഫീൽഡുകളിൽ വി.ബി.എസ്സ് 2017, 2018, 2019 വർഷങ്ങളിൽ നടത്തപ്പെട്ടു. 170 കുട്ടികൾ തറയിൽക്കടവിൽ പങ്കെടുത്തു. പുതുപ്പള്ളിയിൽ 80 കുട്ടികൾ പങ്കെടുത്തു. എല്ലാവർക്കും ഉച്ചഭക്ഷണം നൽകുവാൻ സാധിച്ചു.
4. **ജീവൻധാര പ്രവർത്തനം:** സമൂഹത്തോടുള്ള സഭയുടെ കടമ നിർവ്വഹിക്കുന്നതിന്റെ ഭാഗമായും കരുതലിന്റെ ഭാഗമായും പുതുപ്പള്ളി, തറയിൽക്കടവ്, മണിവേലിക്കടവ് എന്നീ ഗ്രാമങ്ങളിൽ 27 പേർക്ക് പോത്ത് കിടാവിനെ നൽകുകയുണ്ടായി.
5. **സൗജന്യ മെഡിക്കൽ ക്യാമ്പ്:** നൂറനാട് കെ.സി.എം.ആശുപത്രിയുടെ നേതൃത്വത്തിലും, കറ്റാനം സെന്റ് തോമസ് മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിലും സൗജന്യ മെഡിക്കൽ ക്യാമ്പ് നടന്നുവരുന്നു.
6. **വിദ്യാഭ്യാസ സഹായം (വിജയധാര):** സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കുഞ്ഞുങ്ങളെ കണ്ടെത്തി പഠിപ്പിക്കുന്നതാണ് വിജയധാര പ്രൊജക്ട്, ഈ നാളുകളിൽ പ്രൊഫഷനൽ കോഴ്സിനു 5 കുട്ടികളെ നമ്മൾ പഠിപ്പിക്കുന്നു.
7. **ഭവനനിർമ്മാണം:** മിഷന്റെ നേതൃത്വത്തിൽ ഭവനമില്ലാത്തവർക്ക് ഭവനം നിർമ്മിച്ചു നൽകുന്നു. തറയിൽക്കടവ് ഇടവകാംഗങ്ങളായ അനിയനും, തരുണിനും 9 ലക്ഷത്തോളം രൂപ ചെലവിൽ പുതിയ വീട് നിർമ്മിച്ചു നൽകി. തറയിൽക്കടവ് മിഷന്റെ പരിസരത്ത് താമസിക്കുന്ന ഹസിനയ്ക്ക് 1 ലക്ഷം രൂപ നൽകി. പുതുപ്പള്ളിയിൽ കുഞ്ഞുമോൻ എന്ന വ്യക്തിക്ക് ഒന്നരലക്ഷം രൂപയും, പൊന്നമ്മ എന്ന വ്യക്തിക്ക് 50,000 രൂപയും നൽകി ഇടവകാംഗമായ ആനിക്ക് 15,000 രൂപ വീടിന്റെ പുനരുദ്ധാരണത്തിനും നൽകുകയുണ്ടായി.
8. **വിവാഹസഹായം:** നിർദ്ധന കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹ ആവശ്യങ്ങൾക്ക് മിഷന് കഴിയുന്ന സഹായങ്ങൾ ചെയ്തുവരുന്നു.
9. **ഡി അഡിക്ഷൻ വർക്ക്:** പുതുപ്പള്ളിയിൽ നിന്ന് 3 പേരെയും പുല്ലുകുളങ്ങൾ നിന്ന് 2 പേരെയും അടൂർ ഡി അഡിക്ഷൻ സെന്ററിൽ കൊണ്ടുപോയി. അവർ ഇപ്പോൾ സമാധാനത്തോടെ ജീവിക്കുന്നു.

* മിഷന്റെ എല്ലാ നിർമ്മാണ പ്രവർത്തനത്തിന് കായംകുളം ശാലേം ഇടവക അംഗമായ ശ്രീ. അലക്സ് എം. ജോൺ ആണ്. സാറിനോടുള്ള നന്ദിയെ രേഖപ്പെടുത്തുന്നു.

* കായംകുളം സെന്റർ ഇടവകയിൽ നിന്ന് ലഭിക്കുന്ന സഹായം മിഷന്റെ വളർച്ചയ്ക്ക് സഹായകരമാകുന്നു.

ഈ മിഷന്റെ പ്രവർത്തനങ്ങൾ ഇത്രയും ഭംഗിയായി നടക്കുന്നത് അഭ്യുദയകാംക്ഷികളായ ധാരാളം പേരുടെ സഹായവും സഹകരണവും അതിലുപരി പ്രാർത്ഥനയുമാണ്. തുടർന്നും ഈ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുവാൻ എല്ലാവരുടെയും സഹായവും സഹകരണവും പ്രാർത്ഥനയും ആവശ്യമാണ്. ഇവിടുത്തെ പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് നന്മയ്ക്കായി വ്യാപരിക്കുന്നതാണെങ്കിൽ ആ ഉദ്യമത്തിൽ പങ്കാളികളാവുക എന്നതായിരിക്കും നമ്മുടെ ജീവിതത്തിൽ നേടുവാൻ സാധിക്കുന്ന ഏറ്റവും വലിയ അനുഗ്രഹവും നന്മയും അതിനു ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

## ഭദ്രാസനത്തിലേക്ക് ഈ വർഷം ട്രാൻസ്ഫർ ആയി വന്ന വൈദീകർ

| Parish/s | Name of the Vicar/s |
|---|---|
| Puthuval St. Thomas | Rev. Benu John |
| Thevalakkara Valiyapally | Rev. George Varghese (TVM) |
| Elikkattoor Zion | Rev. Jose K.I. |
| Kattanam St. Thomas | Rev. Saji P.C. |
| Kunnida St. Thomas, Parakode Immanuel | Rev. Binu John (Mylom) |
| Kottanalloor Salem | Rev. C.C. Kuruvilla |
| Kottara St. Pauls | |
| Enathu MTC | Rev. Sam Koshy T. |
| Ayanivelikulangara Bethel, Kallelibhagom Salem | Rev. Koshy Bijo Samuel |
| Thumpamon Salem | Rev. Jai Varghese |
| Thatta Jerusalem | |
| Tharayilkkadavu Mission | Rev. Jerry Thomas Varghese |
| Puthuppally Mission | |
| Thuruthikkara Immanuel | Rev. Philipose John |
| Thuruthikkara Jerusalem | |
| Kodumon Sehion Theppupara St. Thomas | Rev. Regi Abraham |
| Kattanam Hospital | Rev.Solmon M P |
| Kunnathoor Salem Mannarode Bethelehem | Rev. Subin John Mathew |
| Mar Thoma Gurukulam | Rev. Paul Jacob |
| Elampallil Ebenezer | |
| Anthichira St. Johns | |
| Thevalakkara Immanuel | Rev. Thomas Yesudasan |
| Arinalloor Bethel | |
| Kalayapuram Salem | Rev. Varughese A.Y. |
| Nooranadu Salem | |
| Panayil Hebron | Rev. Vinith Mathew |
| Piravanthoor St. Thomas | Rev. Issac G. Varghese |
| Chempanaruvi St.Thomas | |
| Kayamkulam Asst. | Rev. Subin M. Mathew |
| Enathu Asst. | Rev. Ajil James |
| Pattazhi Mottackal Moria | |
| Kannamkode MTC | Rev. Varghese John A. |

# ADOOR DIOCESE OF MAR THOMA SYRIAN CHURCH

EMTM SPIRITUALITY CENTRE, ADOOR (PHONE: 98956 26486)

**PREMARITAL COUNSELLING PROFILE FORM**

(Please write these details in following format and send via Whatsapp to 98956 26486)

- Name of Bride/Groom..........................................................................................................
- Mobile No. (Whatsapp Number)............................................................................................
- Parish .................................................................................................................................
- Address ..............................................................................................................................
- Age & Qualification, Present Job & Work Place ....................................................................
- Early Education: School/College/Institution ..........................................................................
- Father's Name & Job .............................................................................................................
- Mother's Name & Job ............................................................................................................
- Hobbies If Any .....................................................................................................................
- Blood Group ..........................................................................................................................
- Elder/Middle/Youngest ..........................................................................................................
- Siblings Name (Brothers And Sisters) ...................................................................................
- Siblings Details (Job/Married)................................................................................................
- Date & Place Of Marriage ......................................................................................................
- Groom Parish Vicar Name & Number ......................................................................................
- Proposed Life Partner's Name ...............................................................................................
- Place & Parish ......................................................................................................................
- Mobile No. ............................................................................................................................
- Vicars Name And Mobile Number ...........................................................................................

- E: Separate Form To Be Used For Both Bride And Groom -

പ്രീമാരിറ്റൽ കൗൺസിലിങ്ങിനു ആഗ്രഹിക്കുന്നവർ ഇടവക വികാരിയുടെ അറിവോടു കൂടി ഈ ഫോം പൂരിപ്പിച്ച് ഇതിൽ ചേർത്തിരിക്കുന്ന വാട്സ്ആപ്പ് നമ്പറിൽ അയക്കുകയും അപ്പോയ്ന്റ്മെന്റ് എടുക്കുകയും ചെയ്യേണ്ടതാണ്.

# DIOCESAN COUNCIL MEMBERS
## 2020-2023

| | |
|---|---|
| Rev. Baby John | Diocesan Secretary, Immanuel Mar Thoma Parsonage, Adoor-691 523 |
| Mr. Varghese Tharakan | Diocesan Treasurer, Puthuveetil Thekkethil, Kadappa, Mynagapally P. O., 690 519 |
| Rev. Aneesh P. Alex | Salem Mar Thoma Church, Kunnathoor. |
| Rev. John Mathew | Salem Mar Thoma Church, Chayalode P.O., Ezhamkulam, 691 556 |
| Rev. Joji K. Mathew | Hebron Mar Thoma Church, Padijattekkara P.O., Thevelakkara,690 524 |
| Rev. Dr. Moni Mathew | Mar Thoma Church, Mudiyoorkonnam P.O., Pandalam, 689 501 |
| Rev. Sam Abraham | Salem Mar Thoma Church, Kayamkulam P.O., 690 502 |
| Rev. Sunil A. John | Bethel Mar Thoma Church, Koodal P.O., Pathanapuram,689 693 |
| Mr. George Philip | Valiyaparambil , Chachipunna, Punnala P.O, Kollam, 689 696 |
| Mrs. Girly Jose | Vayalil House, Piravanthoor P.O, Pathanapuram, 689 696 |
| Mr. Jai C. George | Jaicy Bhavan, Kodumon East P.O, Pathanamthitta |
| Adv. Jerry T. Yesudasan | Kurichithara Madom, Vettathu Mukku, S.V. Market P.O, Karunagapally, 690 573 |
| Mrs. Kunjumol George | Palavila Thazhethil, Thuvayoor South, 691 552 |
| Mr. M. Abraham | Panayara Thekkethil Enathu P.O., 691 526 |
| Dr. Mathew Varghese | Manilethu (H), Pandalam P.O, Kalampala |
| Mr. M.C. Mathew Tharakan | Siby Villa Mulamoottil, Kovoor, Arinalloor P.O, 690 538 |
| Mr. Philip Varghese | Santhosh Bhavan, Ayranikudy P.O, Mavelikara, 690 558 |
| Mr. Reji Chacko | Allen Villa, Nellimukal P.O, Manakala |
| Mr. Saji K. Oommen | Vadakedathu Puthen Veedu, Puthuserybhagam, Vayala P.O, 691 554 |
| Mr. Shaji Thomas | Elanjickel, Kizhakkekara, Thevalakara P.O, 690 524 |
| Mr. Thomas K. N. | Vazhuvellil, Kulakkada East P.O, Kottarakara, 691 521 |
| Mr. Thomas John | Kaleekkal Mekkathil, Mankamkuzhy P.O, Vettiyar South, Mavelikara, 690 558 |

# പ്രശ്നോത്തരി

**ഹെർമ്മോൻ ദൂതൻ**
പ്രശ്നോത്തരിക്ക് ലഭിക്കുന്ന
അഭൂതപൂർവ്വമായ
പ്രതികരണത്തിന്
**നന്ദി..**

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ള താണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാർഹനാകുന്നതാണ്.**

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി:**
2021 ജൂലൈ 20

ശരിയുത്തരം അയയ്ക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക - **എഡിറ്റർ**

കഴിഞ്ഞ ലക്കത്തിലെ വിജയി:
**ഡോ. ലെയ സാറാ മാത്യു**
കോഴിക്കോട് സെന്റ് തോമസ് MTC

## കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

1. ഗലീല
2. എമ്മവുസ്സ്
3. ഏഴ്
4. ഹർസിമ്രത് കൗർ ബാദൽ
5. കുഞ്ഞുണ്ണി മാഷ്
6. Fern Plants
7. ഫുഡ്കോർപറേഷൻ ഓഫ് ഇന്ത്യ

## ഈ ലക്കത്തിലെ ചോദ്യങ്ങൾ

1. പഞ്ച ഭൂതങ്ങൾ ഏവ?
2. ഹെബ്റോൻ മല അവകാശമാക്കിയത് ആര്?
3. യുദ്ധത്തിന് നേതൃത്വം നൽകാൻ ദൈവം ഉപയോഗിച്ച വനിത?
4. ഭദ്രാസനത്തിന്റെ തീരദേശ മിഷൻ ഫീൽഡുകൾ ഏവ?
5. തറയിൽകടവ് മിഷൻ പ്രവർത്തനം ആരംഭിച്ച മെത്രാപ്പോലിത്ത ആര് ?
6. Mar Chrysostam ചെയർ ആരംഭിക്കുന്നത് ഏതു യൂണിവേഴ്സിറ്റിയിൽ ?
7. സത്യം നിങ്ങളെ സ്വാതന്ത്രരാക്കും എന്ന് രേഖപെടുത്തിയിരിക്കുന്ന സുവിശേഷം?

## കഴിഞ്ഞ ലക്കത്തിൽ ശരിയായ ഉത്തരം അയച്ചവർ

Asha Ruth Varghese........Bethel MTC Vathikulam
Lima Jacob........Bethel MTC Vathikulam
O Thomas........Bethel MTC Vathikulam
P Wilson........Salem M T C Chathannoorpuzha
Susamma Jacob........St. Thomas MTC Kollaka
Leelamma George........St. Pauls MTC Vathikulam
Mini Wilson........St. Thomas MTC Kattanam
Dr.Leya Sara Mathew........St. Thoma MTC Kozhikode
Dr. Rijo Simon Thomas........St. Thomas MTC Kozhikode
Geetha P Simon........St. Thomas MTC Kozhikode
P G Thomas........St. Thomas MTC Kozhikode
V Thankachan........St. Thomas MTC Kozhikode
Rosamma Thankachan........St. Thomas MTC Kozhikode
Keziya V Liju........St. Thomas MTC Piravanthoor
Gracy Thomas........St. Thomas MTC Chunakkara
Aleena Johnson........Salem MTC Kalyapuram
Molly Jacob........St. Thomas MTC Kattanam
Reena Biji........Kannamkode MTC
Sobha Regi........Salem MTC Kottanalloor
Lissy Varghese........Christhos MTC Charummoodu
Marykkutty Abraham........Bethel MTC Vathikulam
Robin Babu........Hebron MTC Thevalakkara
Jolly Riny........Salem MTC Njakkanal
Linu K Yohannan........Emmanuel MTC Thuruthikkara
Reni Koshy........St. Marhews MTC Choorakkode
Aleyamma Jacob........Bethel MTC Vathikulam
T N Varghese........Sehion MTC Kodumon
Ashley Mathew........Ezhamkulam Salem
Rinu K Oommen........Salem MTC Njakkanal
T Mathai........Njakkanal Salem

## കിറ്റ് വിതരണം







## ഓണത്തിന് ഒരുമുറം പച്ചക്കറി... പരിസ്ഥിതി ദിനം വിത്ത് നടീൽ





## ഭദ്രാസന അസംബ്ലി



















# ST. THOMAS MISSION HOSPITAL & INSTITUTE OF MEDICAL SCIENCE

KATTANAM 1948-2021



| St. Thomas College of Nursing | St. Thomas College of Nursing | Ebenezer Block |
|---|---|---|








DR. JOSEPH MAR THOMA INSTITUTE OF PHARMACEUTICAL SCIENCE & RESEARCH



**REV. M.P. SOLOMON (ADMINISTRATOR)**
**PH: 0479 2332028, 3012345**

Printed & Published by: Rev. Soju M. Thomas (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P. O.,
Printed at: Mar Thoma Press Thiruvalla, Chief Editor: Rev. John Mathew